بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ    نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ    وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 3

വാർഷിക വരിസംഖ്യ 500 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം 16

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ഏപ്രിൽ 19/ഹി:ശം:1397 ശഹാദത്ത് 19/ഹി:ഖ:1439 ശഅ്ബാൻ 2

## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيْنَ اٰمَنُوا
اسْتَعِيْنُوْا بِالصَّبْرِ وَالصَّلٰوةِ ؕ
اِنَّ اللّٰهَ مَعَ الصّٰبِرِيْنَ

*യാ അയ്യുഹല്ലദീന ആമനുസ്ത ഈനൂബിസ്സ്വബ്രി വസ്സലാത്ത് ഇന്നല്ലാഹ മഅസ്സാബിരീൻ*

വിശ്വസിച്ചവരേ! നിങ്ങൾ സഹനവും പ്രാർഥനയും വഴി സഹായം തേടുവിൻ! നിശ്ചയമായും അല്ലാഹു സഹനശീലരുടെ കൂടെയാകുന്നു(2:154)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

---

**എന്റെ അടയാളം പ്രത്യക്ഷപ്പെട്ടിട്ടില്ലാത്ത ഒരു ജനതയുമില്ല.**
**എന്റെ അടയാളത്തിന് സാക്ഷിയായിട്ടില്ലാത്ത ഒരു കക്ഷിയുമില്ല.**
**ഈ അടയാളങ്ങൾക്ക് 10 കോടി സാക്ഷികളുണ്ടെന്ന് പറഞ്ഞാലും അത് അതിശയോക്തിയാകുകയില്ല. എന്നാൽ, എതിരാളികളുടെ അവസ്ഥ കാണുമ്പോൾ കരച്ചിൽവരുന്നു. അവർ ഒരു ഫലവുമെടുത്തില്ല. ഈ അടയാളങ്ങൾ ഹദ്റത്ത് ഈസബ്നു മർയമിന്റെ കാലത്തുള്ള യഹൂദികൾക്ക് കാണിക്കപ്പെട്ടിരുന്നെങ്കിൽ അവർ ളുരിബത്ത് അലയ്മുദ്ദില്ലത്തു(അവരുടെമേൽ ഹീനത്വം മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു-3:113) എന്നതിന്റെ സാക്ഷാത്കാരം ആകുമായിരുന്നില്ല. ലൂഥിന്റെ ജനത ഈ അടയാളങ്ങൾ കണ്ടിരുന്നെങ്കിൽ ഭയങ്കരമായ ഭൂകമ്പത്താൽ മണ്ണിന്നടിയിൽ അമർന്നു മരിക്കുമായിരുന്നില്ല. എന്നാൽ, പാറയേക്കാൾ കടുത്ത ഈ മനസ്സുകളുടെമേൽ, അഹോ കഷ്ടം!**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ദൃഷ്ടാന്തം 128:** 1906 ഫെബ്രുവരി 11-ന് ബംഗാളിനെ സംബന്ധിച്ച് ഒരു പ്രവചനം ചെയ്യപ്പെട്ടിരുന്നു. അതിലെ വാക്കുകൾ ഇങ്ങനെയായിരുന്നു. "ബംഗാളിനെ സംബന്ധിച്ച് ആദ്യം ഏതൊരു കല്പനയാണോ പുറപ്പെടുവിക്കപ്പെട്ടത്, ഇപ്പോൾ അതിന്റെ സന്തോഷമുണ്ടാകും." അതിന്റെ വിശദീകരണം ഇപ്രകാരമാണ്, ബംഗാൾ വിഭജനത്തെ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിരുന്ന കല്പന എല്ലാവർക്കും അറിയാവുന്നതാണ്. ഈ കല്പന ബംഗാളികളുടെ മനസ്സുകളെ എത്രമാത്രം ദുഃഖിപ്പിച്ചെന്നാൽ അവരുടെ വീടുകളിൽ അലമുറയിട്ടുള്ള കരച്ചിലുണ്ടായി. അവർ ബംഗാൾ വിഭജനം തടയുന്നതിന് ഒരുപാട് ശ്രമിച്ചു. എന്നാൽ, പരാജയപ്പെടുകയാണുണ്ടായത്. എന്നല്ല, അതിന് വിരുദ്ധ ഫലമുണ്ടാകുകയും ചെയ്തു. അവരുടെ ഒച്ചയും ബഹളവും ഓഫീസർമാർ വെറുത്തു. അവരെ സംബന്ധിച്ച് അവരുടെ ഓഫീസർമാരിൽനിന്നുണ്ടായ നടപടികളുടെ വിശദീകരണം ഇവിടെ നല്കേണ്ട ആവശ്യം നമുക്കില്ല. പ്രത്യേകിച്ചും ലഫ്റ്റനന്റ് ഗവർണർ ഫില്ലറെ അവർ തങ്ങളുടെ കാലനായി മനസ്സിലാക്കി. യാദൃശ്ചികമായി ബംഗാളികൾ തങ്ങളുടെ ഓഫീസർമാരാൽ ദുഃഖം പേറികൊണ്ടിരിക്കുകയും സർ ഫില്ലറിന്റെ ചെയ്തികൾകൊണ്ട് അവരുടെ മരണം ആസന്നമാകുകയും ചെയ്ത ആ ദിനങ്ങളിൽ എനിക്ക് മുകളിൽ പറഞ്ഞ ഇൽഹാമുണ്ടായി. അതായത് "ബംഗാളിനെ സംബന്ധിച്ച് ആദ്യം ഏതൊരു കല്പനയാണോ പുറപ്പെടുവിക്കപ്പെട്ടത്, ഇപ്പോൾ അതിന്റെ സന്തോഷമുണ്ടാകും." ഈ പ്രവചനം ആ ദിനങ്ങളിൽ ഞാൻ പ്രസിദ്ധീകരിച്ചിരുന്നു. ഇത് എപ്രകാരമാണ് പുലർന്നതെന്നാൽ, ബംഗ്ലാ ലെഫ്റ്റനന്റ് ഗവർണർ ഫില്ലർ സാഹിബ്- അദ്ദേഹത്തിന്റെ കൈയാലാണ് ബംഗാളികൾ പൊറുതിമുട്ടിയിരുന്നത്, അവരുടെ ആവലാതികൾ എത്രമാത്രം ദയനീയമായിരുന്നുവെന്നാൽ അവരുടെ നെടുവീർപ്പുകൾ ആകാശത്തിലെത്തിയിരുന്നു- പെട്ടെന്ന് രാജിവെച്ചു; രാജി വെക്കാനുണ്ടായ കാരണത്തിന്റെ കടലാസുകൾ പ്രസിദ്ധീകരിക്കാനും കഴിഞ്ഞില്ല. എന്നാൽ, ഫില്ലർ സാഹിബിന്റെ രാജിയിൽ ബംഗാളികൾക്കുണ്ടായ സന്തോഷം ബംഗാളി പത്രങ്ങളിൽനിന്ന് പ്രകടമാണ്. ഫില്ലറിന്റെ രാജി ബംഗാളികൾക്ക് സന്തോഷം പകർന്നുവെന്നത് അവർ സംഘടിപ്പിച്ച സമ്മേളനങ്ങളും അവർ വിളിച്ച മുദ്രാവാക്യങ്ങളും വിളിച്ചോതിക്കൊണ്ടിരിക്കുന്നു; എന്നല്ല പൂർണമായ നിലയിൽ അവർ സന്തോഷിച്ചു. ഫില്ലറിന്റെ രാജി തങ്ങൾക്ക് കിട്ടിയ സർക്കാരിന്റെ വലിയ ഔദാര്യമായി അവർ മനസ്സിലാക്കി. ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടിയാണോ സർക്കാർ ഫില്ലറിന്റെ രാജി രഹസ്യമാക്കിവെച്ചത്, ആ ഉദ്ദേശ്യം ബംഗാളികളുടെ അതിരറ്റ സന്തോഷങ്ങളിൽനിന്ന് പ്രകടമായിക്കൊണ്ടിരിക്കുന്നു. ഇതിനേക്കാളുപരി പ്രവചനം പുലർന്നതിന് മറ്റെന്ത് തെളിവുണ്ടാകാനാണ്; ബംഗാളികൾ തങ്ങളുടെ സന്തോഷം ഈ നടപടിയിലൂടെ സ്വയം അംഗീകരിക്കുകയും സർക്കാരിന് അതിരറ്റ നന്ദി രേഖപ്പെടുത്തുകയും ചെയ്തു. എന്റെ ഈ പ്രവചനം നമ്മുടെ പത്രമായ റിവ്യൂ ഓഫ് റിലീജ്യൻസിൽ മാത്രമല്ല പ്രസിദ്ധീകരിച്ചത്. പ്രത്യുത പഞ്ചാബിലെ ധാരാളം പത്രങ്ങൾ അത് പ്രസിദ്ധീകരിക്കുകയുണ്ടായി. ബംഗാളിലെതന്നെ ചില പ്രശസ്ത പത്രങ്ങളും ഈ പ്രവചനം പ്രസിദ്ധീകരിച്ചിരുന്നു.

ഈ പ്രവചനം പുലർന്നുവെന്നതിന് മറ്റൊരു തെളിവ്, കൊൽക്കത്ത അമൃതബസാർ പത്രത്തിന്റെ ഇംഗ്ലീഷ് എഡിഷനിൽ-ബംഗാളികളുടെ ഏറ്റവുമധികം പ്രസിദ്ധമായ പത്രമാണിത് - എഴുതുകയും അതിലെ വചനങ്ങൾ 'ലാഹോർ സിവിൽ ആന്റ് മിലിറ്ററി ഗസറ്റ്' എന്ന പത്രം 1906 ആഗസ്ത് 22ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിതാണ്: 'അദ്ദേഹത്തിന്റെ അതായത് ഫില്ലറിന്റെ പ്രതിനിധി (പുതിയ ലഫ്റ്റനന്റ് ഗവർണർ) മിക്കവാറും സന്തോഷകരമായ പ്രത്യേക പദ്ധതി കൈക്കൊള്ളുന്നതായിരിക്കും. അത് നമ്മുടെ ഉദ്ദേശ്യമനുസരിച്ചായിരിക്കുമെന്നതിൽ സംശയമില്ല.'

പ്രസ്തുത പത്രത്തിന്റെ ഈ വാക്യത്തിൽനിന്ന് പ്രകടമാകുന്നത് അദ്ദേഹം ഇതു സംബന്ധമായി തന്റെ തൃപ്തി പ്രകടിപ്പിച്ചുവെന്നാണ്; ബംഗാളികളെ സന്തോഷിപ്പിച്ചുകൊണ്ടിരിക്കുക എന്നത് ലഫ്റ്റനന്റ് ഗവർണറുടെ നിർബന്ധകടമയായിരിക്കും. അതുകൊണ്ടുതന്നെ പ്രസ്തുത പത്രവും പ്രവചനം പുലർന്നതിന് ഒരു സാക്ഷിയാണ്.

ഈ പ്രവചനം പുലർന്നതിന്റെ മറ്റൊരു ശക്തമായ തെളിവ് അവസാനമായി നാം എഴുതുകയാണ്. 50 വർഷം സർക്കാരിന്റെ ഉന്നത ഉദ്യോഗം വഹിച്ച ഒരു ഇംഗ്ലീഷ് ഓഫീസർ 'സിവിൽ ആന്റ് മിലിറ്ററി ഗസറ്റ് ലാഹോർ' എന്ന പത്രത്തിൽ 1906 ആഗസ്ത് 24-ന് ഒരു സുദീർഘ കത്ത് - കത്തിന്റെ കോളത്തിൽ - എഴുതുകയുണ്ടായി. അതിൽ പറഞ്ഞു: 'സർ ഫില്ലറിന്റെ രാജി ബംഗാളി സഹോദരങ്ങളുടെ ഇച്ഛയ്ക്കനുസരിച്ച് തന്നെയാണ്.' അദ്ദേഹം എഴുതുന്നു: 'അദ്ദേഹത്തിന്റെ അതായത് ഫില്ലറിന്റെ പ്രതിനിധിക്ക് (ഉന്നത ഉദ്യോഗസ്ഥനിൽനിന്ന്) പ്രകോപിതരായ ബംഗാളികളോട് സൗഹൃദമായ രീതി സ്വീകരിക്കുക എന്ന കല്പന കിട്ടിയിട്ടുണ്ടെന്നതിൽ സംശയമൊന്നുമില്ല; അദ്ദേഹം അത് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.'

ഇനി നോക്കുക! എത്രമാത്രം വ്യക്തമായാണ് ഈ പ്രവചനം പുലർന്നത്. അല്ലാഹു തന്റെ നവംനവങ്ങളായ അടയാളം കാണിച്ചുകൊണ്ടുപോകുന്നു. അഹോ കഷ്ടം! എന്നിട്ടും സ്വീകരിക്കാത്ത മനസ്സ് എത്രമാത്രം അശ്രദ്ധമാണ്. ഈ നിരന്തരമായുള്ള അടയാളങ്ങൾകൊണ്ട് സമുദ്രം വെള്ളംകൊണ്ട് നിറഞ്ഞിരിക്കുന്നതുപോലെ നാം ദൃഢവിശ്വാസത്താൽ

( ശേഷം പേജ് 7ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# 2017 യൂ കെ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ തിരക്കുകൾ

**അഹ്മദിയ്യാ ജമാഅത്ത് മനുഷ്യകുലത്തിന് ഒരു മാതൃകയാണ്.**

**ഹുദൂറിന്റെ മഹത്ത്വം കണക്കുകൂട്ടാൻ പറ്റുകയില്ല.**

**ഹുദൂറുമായി കാണുമ്പോൾ ഒരു ആത്മീയശക്തി പ്രദാനം ചെയ്യപ്പെടുന്നു.**

- അഹ്മദിയ്യത്ത് തന്നെയാണ് ഇസ്ലാമിന്റെ യഥാർഥചിത്രം. സർവ്വ ലോകവും അദ്ദേഹത്തെ സ്വീകരിക്കുമെന്നും ഒടുവിൽ അദ്ദേഹം വിജയിക്കുമെന്നും എനിക്കുറപ്പുണ്ട്. ഇവിടെ എനിക്ക് ഇസ്ലാമിന്റെ യഥാർഥചിത്രം കാണാൻ കഴിഞ്ഞു. ഇസ്ലാമിന്റെ യഥാർഥ മുഖം കാണേണ്ടത് ഓരോ മുസ്ലിമിന്റേയും നിർബന്ധ കടമയാണ്. ജനങ്ങളെ അഭിമുഖീകരിക്കുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനെ കാണുമ്പോൾ മനസ്സിൽ ഓടിയെത്തുന്ന ഏകകാര്യം ഒന്നുമാത്രമാണ്;ഈവ്യക്തിത്വം എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ് എന്ന ആപ്തവാക്യത്തിന്റെ യഥാർഥവും കർമപരവുമായ രൂപമാണ്. (**അൽ ഹസൻ ബീ കുമാരാ സാഹിബ്, കസ്റ്റംസ് ആഫീസർ സിയറാ ലിയോൺ**)

- അഹ്മദിയ്യാ ജമാഅത്ത് എല്ലാതരം വർഗ്ഗപരമായ വിദ്വേഷത്തിൽനിന്ന് പരിശുദ്ധമാണ്. ഞാനാദ്യമായി ഖലീഫത്തുൽ മസീഹിനെ ദർശിച്ച നിമിഷം എനിക്ക് ബോധ്യമായി ഈ വ്യക്തി യഥാർഥ സമാധാനത്തിന്റെ പ്രതീകമാണെന്നും സമാധനത്തിന്റെ സംസ്ഥാപനത്തിൽ നിരതനാണെന്നും.വീണ്ടും വീണ്ടും ഈ ജൽസയിൽ പങ്കെടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു.(**സാഫാ മൂൻഗാ മൂ സാഹിബ് പാരാ മൗണ്ട് ചീഫ്, സിയറാ ലിയോൺ**)

- വളരെ മുമ്പേ എനിക്ക് ജൽസ സാലാനയിൽ പങ്കെടുക്കേണ്ടതായിരുന്നു.ജൽസയുടെ അന്തരീക്ഷത്തിൽ കൃത്യമായ ചിട്ടകളും സൽസ്വഭാവങ്ങളും എല്ലാറ്റിനുമുപരിയായി ദൃശ്യമാകുന്നു.എല്ലാ ഓരോ വ്യക്തിയും ഒരുവിധ വർഗ്ഗീയ വ്യത്യാസങ്ങളും പുലർത്താതെ പരസ്പരം സലാം പറയുന്നു.ഖലീഫത്തുൽ മസീഹിനെ കാണുമ്പോൾ തോന്നുന്നത് ഉന്നതനായ ദൈവം അദ്ദേഹത്തിന് പ്രത്യേകമായ കഴിവു നൽകിയിരിക്കുന്നുവെന്നാണ്.മണിക്കൂറുകളോളം പ്രസംഗങ്ങൾ നിർവ്വഹിച്ചതിന് ശേഷവും അദ്ദേഹത്തിന്റെ മുഖത്ത് ദൃശ്യമാകുന്ന പുഞ്ചിരി വിസ്മയിപ്പിക്കുന്നതാണ്.(**വാറാ വാറാ യഗാലാ സാഹിബ് കടാലാ സാഹിബ്,പാരാമൗണ്ട് ചീഫ്,സിയറാ ലിയോൺ**)

- അഹ്മദിയ്യത്ത് തന്നെയാണ് ഇസ്ലാമിന്റെ യഥാർഥ രൂപം. ഇന്ന് ഇസ്ലാമിന്റെ നാമം നാനാ ഭാഗത്തും തീവ്രവാദത്തോട് ചേർത്ത് പറയപ്പെടുന്നു.എന്നാൽ, അഹ്മദി ഈ മനോഭാവം തെറ്റാണെന്ന് സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ജൽസയുടെ ഏർപ്പാടുകൾ മികച്ചതായിരുന്നു.ചെറിയ ചെറിയ കുട്ടികൾ പോലും ജനങ്ങൾക്ക് സേവനം ചെയ്യുന്നതിൽ നിരതരായിരുന്നു. ഈ കാഴ്ച ആത്മാവിനെ ആനന്ദി പ്പിക്കുന്നതായിരുന്നു.അഹ്മദിയ്യാ ജമാഅത്തിന്റെ സത്യതയ്ക്കുള്ള തെളിവിന് ഈയൊരു കാഴ്ച മാത്രം മതിയാകുന്നതാണ്. (**അലി കാലൂകോ സാഹിബ്, മെമ്പർ ഓഫ് പാർല്യമെണ്ട് സിയറാലിയോൺ**)

- ജമാഅത്ത് ഒരുവിധ പ്രശ്നവും സൃഷ്ടിക്കാറില്ല. ഒരു കുഴപ്പങ്ങളും ഉണ്ടാക്കാറില്ല. സ്നേഹ സാഹോദര്യങ്ങളോടെ ജീവിച്ചു വരുന്നു. അധ്യാപനങ്ങൾ നൽകുന്നതും അതുതന്നെയാണ് .മറ്റുള്ളവർക്കു എളുപ്പം സൃഷ്ടിക്കുന്നു. ഈ ഒരു മതത്തേയും ജമാഅത്തിനേയും മാത്രമാണ് ഉന്നതനായ ദൈവം സഹായിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. സർവ്വ ലോകവും അദ്ദേഹത്തെ സ്വീകരിക്കുകയും ഒടുവിൽ അദ്ദേഹംതന്നെ വിജയിക്കുകയും ചെയ്യുന്നതാണ്. (**റാകോൺടോൺഡ്റാസാകാ അർസെന സാഹിബ്,മുൻ പോലീസ് കാര്യ വകുപ്പ് മന്ത്രി,മഡഗാസ്കർ**)

## യൂ കെ ജൽസസാലാനയിൽ പങ്കെടുത്ത അതിഥികളുടെ ഹുദൂറുമായി കൂടിക്കാഴ്ച. തുടർന്ന് വിശ്വാസം ദൃഢീകരിക്കുന്ന അവരുടെ അനുഭവ വിവരണം

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

പരിഭാഷ:മൗലവി അമീൻ മുഹമ്മദ്, മാത്ര

(തുടർച്ച)

.ഇവിടെ എനിക്കു കിട്ടിയ സന്തോഷം വിവരണാതീതമാണ്. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും പ്രതിഫലം നല്കുമാറാകട്ടെ. ഞാൻ അടുത്തവർഷവും ഇൻശാഅല്ലാഹ് ജൽസയിൽ വരാൻ പരിശ്രമിക്കുന്നതായിരിക്കും.

- അമേരിക്കൻ സംഘത്തിലെ ഒരു സ്നേഹിതൻ ഖലീൽ അബ്ദുർറശീദ് സാഹിബിന്റെ മകൻ മുഹമ്മദ് സാജിദുല്ലാഹ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചത് ഇങ്ങനെയാണ്: 'ഞാൻ ഈ ജൽസയിൽനിന്ന് കരസ്ഥമാക്കിയ സന്തോഷവും സ്നേഹവും എപ്പോഴും എന്നോടൊപ്പം ഉണ്ടായിരിക്കുന്നതാണ്. ഞാൻ ഈ സന്തോഷവും സ്നേഹവും മറ്റുള്ളവരോടും പങ്കുവെക്കുന്നതായിരിക്കും. ജൽസയുടെ ഒരുക്കങ്ങൾ വളരെ വലിയ ജോലിയാണ്. ഈ ജൽസയുടെ പദ്ധതി തയ്യാറാക്കുകയും പിന്നീട് അത് പ്രാവർത്തികമാക്കുകയും ചെയ്യുക എന്നത് എത്ര മാത്രം പ്രയാസമാണെന്നാൽ നമുക്കത് ഊഹിക്കാൻപോലും പറ്റുകയില്ല.

- ഒരു ആഫ്രിക്കൻ അമേരിക്കൻ അഹ്മദി വനിത Asima Wise ജമാഅത്തിൽനിന്ന് കുറച്ച് അകന്നുപോയിരുന്നതാണ്. അവർ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: 'അഹ്മദിയ്യാ ജമാഅത്ത് ലോകത്തിന്റെ അറ്റങ്ങൾവരെ എത്തിക്കഴിഞ്ഞിരിക്കുന്നു. ഈ യാഥാർഥ്യം നേരിൽ കണ്ട് വളരെ അത്ഭുതപ്പെട്ടു. കാലത്തിന്റെ ഖലീഫ ഞങ്ങളുടെ ധാരാളം കാര്യങ്ങൾക്ക് മാർഗദർശനം നൽകി. ഞാൻ ആ നിർദ്ദേശങ്ങൾ നിത്യജീവിതത്തിൽ പകർത്താൻ ശ്രമിക്കുന്നതായിരിക്കും. ഈ ജൽസ എന്റെ ജീവിതത്തിന്റെ ഏറ്റവും വലിയ ആത്മീയയാത്രയായിരുന്നു. ഇതെന്റെ ആദ്യത്തെ ജൽസയായിരുന്നുവെങ്കിലും അവസാനത്തേതായിരിക്കുകയില്ല. ഞാൻ മടങ്ങിപ്പോയി നമസ്കാരങ്ങളനുഷ്ഠിക്കുകയും പ്രാർഥനകളിൽ മുഴുകുകയും ചെയ്യുന്നതായിരിക്കും. ജാമിഅ അഹ്മദിയ്യായിലും മസ്ജിദ് ഫള്ലിലും മറ്റു സ്ഥലങ്ങളിലും നമ്മുടെ സഹോദരിമാർ ഞങ്ങളെ നല്ലവണ്ണം നോക്കി. ഞാൻ നിങ്ങൾക്കെല്ലാവർക്കും നന്ദി പറയുന്നു.'

- ഒരു നവ അഹ്മദി അറബി ത്വാരിഖ് Dajani സാഹിബ് തന്റെ ഭാര്യ(അവർ സുന്നിയാണ്) രണ്ട് മക്കളോടൊപ്പം ജൽസയിൽ പങ്കെടുത്തു. അവർ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ജൽസയെ സംബന്ധിച്ച് എന്റെ അനുഭവത്തെ വാക്കുകളിൽ കോർത്തിണക്കാൻ ഞാൻ എത്ര ശ്രമിച്ചാലും നടക്കുകയില്ല. ഈ ജൽസ ഒരാത്മീയമായ അനുഭവമാണ്. അത് ഭൗതികലോകത്തിന് അതീതമാണ്. അതുകൊണ്ട് അതിന്റെ വിവരണം സാധ്യമല്ല. ഞാൻ ഇത്തരത്തിലുള്ള അനുഭവം എന്റെ മുഴുവൻ ജീവിതത്തിലും കരസ്ഥമാക്കിയിട്ടില്ല.'

- അമേരിക്കൻ സംഘത്തിൽ രണ്ട് അതിഥി മുഹമ്മദ് ദീൻ സാഹിബും ഹലീമ ദീൻ സാ

( ശേഷം പേജ് 8ൽ)




**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**നബി(സ)തിരുമേനിയുടെ സ്വഹാബാക്കളുടെ ത്യാഗങ്ങളേയും അവരുടെ സ്ഥാനത്തേയും പദവിയേയും അവരുടെ മേലുണ്ടായ അല്ലാഹുവിന്റെ അനുഗ്രഹങ്ങളേയും കുറിച്ചുള്ള ചർച്ച**

**ഈ സ്വഹാബത്ത് തങ്ങളുടെ എല്ലാ ശരീരേച്ഛകളിൽനിന്നും പരിശുദ്ധരായിരുന്നു. നിർമല മാനസരായിക്കൊണ്ടും അല്ലാഹുവിനുവേണ്ടി ആത്മാർഥരായിക്കൊണ്ടും കേവലം അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ച് ജീവിക്കുന്നവരായിരുന്നു. ഈ അവസ്ഥ ഉണ്ടാകുമ്പോൾ അല്ലാഹുവും അനുഗ്രഹിക്കുന്നു. അതിരറ്റ് അനുഗ്രഹിക്കുന്നു. നമ്മൾ ഇക്കാര്യം സ്വഹാബാക്കളുടെ ജീവിതത്തിൽ കാണുകയും ചെയ്യുന്നു.**

**നബി(സ)തിരുമേനിയുടെ സ്വഹാബത്തിന്റെ അല്ലാഹുവുമായുള്ള ബന്ധത്തിന്റേയും ദൈവസ്നേഹത്തിൽ അവന്റെ തൃപ്തിക്കുവേണ്ടി ചെയ്ത മഹത്തായ ത്യാഗങ്ങളുടേയും ചൈതന്യവത്തായ ഉദാഹരണങ്ങളുടെ ചർച്ച.**

**ഏത് സ്വഹാബിയുടെ സംഭവമെടുത്താലും, അവർ ആത്മാർഥതയിലും കൂറിലും അല്ലാഹുവിനുവേണ്ടി ജീവൻ കാണിക്കവെക്കുന്നതിലും എപ്പോഴും തയ്യാറായിരുന്നുവെന്ന് കാണാം.**

**നബി(സ) തിരുമേനിയുടെ സ്വഹാബക്കളോടുള്ള സ്നേഹത്തിന്റെ ആ ശൈലി, പിന്നീട് അവിടത്തെ പരിശുദ്ധശക്തിപ്രഭാവംകൊണ്ട് അല്ലാഹുവിനോടു ആ സ്വഹാബാക്കൾക്കു ബന്ധമുണ്ടായി. അല്ലാഹുവും ചില ഘട്ടങ്ങളിൽ ആ സ്വഹാബാക്കളെ നേരിട്ടോ അല്ലെങ്കിൽ നബി(സ) തിരുമേനി മുഖേനയോ സഹായിച്ചു. അതിന്റെ സ്മരണയും സ്വഹാബത്തിന്റെ പദവിയേയും സ്ഥാനത്തേയും കുറിച്ച് പറഞ്ഞുതരുന്നു.**

**സ്വഹാബത്ത് എത്രമാത്രം സത്യസന്ധത കാണിച്ചുവെന്നാൽ, അവർ കേവലം ബിംബാരാധനയിൽനിന്നും സൃഷ്ടിപൂജയിൽനിന്നും മുഖം തിരിക്കുക മാത്രമല്ല ചെയ്തത്, മറിച്ച് അവരുടെ ഉള്ളിൽനിന്ന് ഭൗതികാഗ്രഹംതന്നെ മാഞ്ഞുപോയി; അവർ അല്ലാഹുവിനെ കാണാൻ തുടങ്ങി. അവർ അങ്ങേയറ്റം ഗൗരവത്തോടെ അല്ലാഹുവിന്റെ വഴിയിൽ എത്രമാത്രം വിലയംപ്രാപിച്ചവരായിരുന്നുവെന്നാൽ, അവരിലോരോരുത്തരും ഇബ്റാഹീമായിരുന്നു.**

**അല്ലാഹു നമുക്ക് ശരിയായനിലയിൽ സ്വഹാബത്തിന്റെ സ്ഥാനത്തെ തിരിച്ചറിയാൻ തൗഫീഖ് നല്കുമാറാകട്ടെ. അവരുടെ മാതൃകകളിലൂടെ നടന്നുകൊണ്ട് നമ്മുടെ ആത്മാർഥതയേയും കൂറിനേയും വർധിപ്പിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 മാർച്ച് 09/1397 അമാൻ 09**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- اَلرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഒരു സ്ഥലത്ത് ഹദ്റത്ത് നബി(സ)തിരുമേനിയുടെ സ്വഹാബാക്കളുടെ ത്യാഗങ്ങളും അവരുടെ പദവികളും സ്ഥാനങ്ങളും അവരിലുണ്ടായ അല്ലാഹുവിന്റെ അനുഗ്രഹങ്ങളും വിവരിച്ചുകൊണ്ടു ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ഹദ്റത്ത് അബൂബക്കർ(റ) തന്റെ മുഴുവൻ സാധനസാമഗ്രികളും അല്ലാഹുവിന്റെ വഴിയിൽ നല്കി. അവിടന്ന് കമ്പിളിയാണ് ധരിച്ചിരുന്നത്. എന്നാൽ, അല്ലാഹു അതിന് അദ്ദേഹത്തിന് എന്താണ് നല്കിയത്? അദ്ദേഹത്തെ അറേബ്യയുടെ മുഴുവൻ രാജാവാക്കി. അദ്ദേഹത്തിന്റെ കൈയാൽ ഇസ്ലാമിനെ പുതിയരീതിയിൽ ജീവിപ്പിച്ചു. മുർത്തദ്ദായ അറേബ്യയെ പിന്നീട് വിജയിപ്പിച്ചു കാണിച്ചു. ആർക്കും സങ്കല്പിക്കാൻപോലും കഴിയാത്തത് അദ്ദേഹത്തിന് നല്കി." ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "ചുരുക്കിപ്പറഞ്ഞാൽ അവരുടെ സത്യസന്ധതയും കൂറും ആത്മാർഥതയും സൽസ്വഭാവവും എല്ലാ മുസ്ലിംകൾക്കും മാതൃകയാണ്. സ്വഹാബാക്കളുടെ ജീവിതം എങ്ങനെയുള്ളതായിരുന്നുവെന്നാൽ മുഴുവൻ നബിമാരിൽ ആരുടേയും ജീവിതത്തിൽ ഇത്തരം ഉദാഹരണം കാണുകയില്ല." ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "യാഥാർഥ്യമെന്താണെന്നാൽ മനുഷ്യൻ തന്റെ മോഹങ്ങളും ഉദ്ദേശ്യങ്ങളും വിട്ടുകൊണ്ട് അല്ലാഹുവിന്റെ തിരുസന്നിധിയിൽ വരാത്തിടത്തോളം അവനൊന്നും കരസ്ഥമാക്കുകയില്ല. എന്നല്ല, തനിക്കു നഷ്ടമുണ്ടാക്കുകയാണ് ചെയ്യുന്നത്. പക്ഷേ, അവൻ എല്ലാ മാനുഷികമായ ആഗ്രഹങ്ങളിൽനിന്നും ഉദ്ദേശ്യങ്ങളിൽനിന്നും വേറിടുമ്പോൾ വെറും കൈയോടേയും ശുദ്ധഹൃദയത്തോടേയും അല്ലാഹുവിന്റെ തിരുസന്നിധിയിൽ വരുമ്പോൾ അല്ലാഹു അവന് നല്കുന്നു. അല്ലാഹു അവനെ സംരക്ഷിക്കുന്നു. മരിക്കാൻ മനുഷ്യൻ തയ്യാറാകുകയും അവന്റെ വഴിയിൽ നിന്ദ്യതയേയും മരണത്തേയും സ്വാഗതം ചെയ്യുന്നവനാകുകയും വേണമെന്നതാണ് നിബന്ധന. നോക്കുക! ലോകം ഒരു നശ്വരമായ വസ്തുവാണ്. ആരും അതിൽ സ്ഥിരമായിരിക്കുകയില്ല. എന്നാൽ, അതിന്റെ ആനന്ദം ലഭിക്കുന്നതും അല്ലാഹുവിനുവേണ്ടി അതിനെ ഉപേക്ഷിക്കുന്നവനാണ്. ഇക്കാരണത്താലാണ് അല്ലാഹുവിന് സമീപസ്ഥനാകുന്ന വ്യക്തിക്കുവേണ്ടി ലോകത്ത് അവൻ സ്വീകാര്യത വിരിച്ചുകൊടുക്കുന്നത്; എങ്ങനെയെങ്കിലും ഒരു ബഹുമതി ലഭിക്കാനും ഏതെങ്കിലും ആദരവിന്റെ സ്ഥലത്തോ ദർബാറിലോ കസേര കിട്ടാനും ഉന്നതസ്ഥാനീയരിൽ പേരെഴുതപ്പെടാനും ലൗകികൻ ആയിരക്കണക്കിന് ശ്രമങ്ങൾ നടത്തുന്നത് ആ സ്വീകാര്യത ലഭിക്കാൻവേണ്ടിയാണ്. അല്ലാഹുവിനുവേണ്ടി എല്ലാം ഉപേക്ഷിക്കുന്നവനും എല്ലാം കളയുന്നതിന് താൽപര്യമുള്ളവനുമാണ് ഭൗതികമായ സകല ബഹുമാനങ്ങളും നല്കപ്പെടുന്നതും ഓരോ മനസ്സിലും മഹത്ത്വവും സ്വീകാര്യതയും ഉണ്ടാക്കുന്നതും; താൽപര്യമുണ്ടാക്കുക മാത്രമല്ല മറിച്ച്, ഉപേക്ഷിക്കുന്നവനാണ്. എല്ലാം അല്ലാഹുവിനുവേണ്ടി നഷ്ടപ്പെടുത്തുന്നവർക്ക് എല്ലാം നല്കപ്പെടുന്നു."

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏതോ മജ്ലിസിൽ ഇരുന്ന് സംസാരിക്കുകയായിരുന്നു. മറ്റൊരിടത്ത് വന്നിട്ടുള്ള നിവേദനത്തിൽ ഈ പദങ്ങളും ലഭിക്കുന്നുണ്ട്. അവിടന്ന് പറയുന്നു: "ഭൗതിക സർക്കാരിനുവേണ്ടി അല്പമെന്തെങ്കിലും നഷ്ടപ്പെടുത്തിയാൽ പ്രതിഫലം ലഭിക്കുന്നു."(സാധാരണ ഭൗതിക ജീവിതത്തിൽ നിങ്ങളെന്തെങ്കിലും കൊടുത്താൽ, അവർക്കുവേണ്ടി എന്തെങ്കിലും ചെയ്താൽ അതിന് പ്രതിഫലം കിട്ടുന്നതാണ്). അവിടന്ന് പറയുന്നു:"അപ്പോൾ അല്ലാഹുവിനുവേണ്ടി നഷ്ടപ്പെടുത്തുന്നവർക്ക് ഒരു പ്രതിഫലവും കിട്ടില്ലെന്നാണോ?" വീണ്ടും അവിടന്ന് പറയുന്നു: "എന്തൊന്ന് അവൻ അല്ലാഹുവിന്റെ വഴിയിൽ നല്കിയോ അതിനേക്കാൾ പലയിരട്ടി പ്രാപിക്കാത്തിടത്തോളം അവൻ മരിക്കുകയില്ല. അല്ലാഹു ആർക്കും തന്റെമേൽ കടം വെക്കുകയില്ല. എന്നാൽ, ഇത് വിശ്വസിക്കുന്നവരും ഇതിന്റെ യാഥാർഥ്യം അറിയുന്നവരും വളരെ വിരളമാണെന്നുള്ളതാണ് വ്യസനകരം."(മൽഫൂദാത്ത് വാല്യം 5 പേജ് 398–399, 1985 ലണ്ടൻ പതിപ്പ്)

ഈ സത്യസന്ധതയും കൂറും ആത്മാർഥതയും സൽസ്വഭാവവും കാണിക്കുന്നവരുടെ മാതൃകകൾ മനുഷ്യൻ അത്ഭുതപ്പെട്ടുപോകുന്ന തേജോവിലാസത്തോടെ നമുക്ക് കാണാൻ കഴിയുന്നു. നബി(സ)തിരുമേനിയുടെ പരിശുദ്ധശക്തിപ്രഭാവം അവരുടെ സ്നേഹങ്ങളുടെ ദിശ മാറ്റിയെന്നു മാത്രമല്ല മറിച്ച്, ആദ്യം വേറേതോ ഭാഗത്തേക്കായിരുന്ന ആ സ്നേഹങ്ങളുടെ ദിശ പിന്നീട് മറ്റൊരു ഭാഗത്തേക്ക് ആക്കി; ഭൗതികതയിൽനിന്ന് അല്ലാഹുവിലേക്ക് ആക്കി. എന്നല്ല ആ സ്നേഹങ്ങളുടെ അളവുകൾക്ക് മുൻലോകത്ത് ഉദാഹരണം കാണാത്തവിധമുള്ള ഉയർച്ചയും പ്രദാനം ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)എത്ര മനോഹരമായാണ് ആ ഉയർച്ചയുടേയും ഉന്നതിയുടേയും ഉദാഹരണം നല്കിയിരിക്കുന്നത്. അവിടന്ന് പറഞ്ഞു:'അവരുടെ ഈ സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും നിലവാരത്തിന് മുൻകഴിഞ്ഞ പ്രവാചകന്മാരുടെ ജീവിതത്തിലും ഉദാഹരണം കാണുകയില്ല. നബിമാരെ വിശ്വസിക്കുന്നവരെ

സംബന്ധിച്ചിടത്തോളം സ്വഹാബാക്കൾക്കെതിരിൽ അവരുടെ അവസ്ഥ വളരെ അധഃപതിച്ചതായിരുന്നു. ഈ സ്വഹാബത്ത് തങ്ങളുടെ എല്ലാ ശരീരേച്ഛകളിൽനിന്നും പരിശുദ്ധരായിരുന്നു. നിർമല മാനസരായിക്കൊണ്ടും അല്ലാഹുവിനുവേണ്ടി ആത്മാർഥരായിക്കൊണ്ടും കേവലം അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ച് ജീവിക്കുന്നവരായിരുന്നു. ഈ അവസ്ഥ ഉണ്ടാകുമ്പോൾ അല്ലാഹുവും അനുഗ്രഹിക്കുന്നു. അതിരറ്റ് അനുഗ്രഹിക്കുന്നു. നമ്മൾ ഇക്കാര്യം സ്വഹാബാക്കളുടെ ജീവിതത്തിൽ കാണുകയും ചെയ്യുന്നു."

ചില സ്വഹാബാക്കൾ എങ്ങനെയാണ് തങ്ങളുടെ ആത്മാക്കളെ അല്ലാഹുവിന് വിധേയരാക്കിയിരുന്നതെന്നും എന്തു മാതൃകകളാണ് അവർ കാഴ്ചവെച്ചിരുന്നതെന്നുമുള്ളതിന് ചില സംഭവങ്ങൾ സമർപിക്കുകയാണ്.

ഹദ്റത്ത് അബ്ബാദുബ്നു ബിശ്ർ ഒരു അൻസ്വാരി സ്വഹാബിയായിരുന്നു. തികച്ചും യുവത്വത്തിൽ, 45-ാം വയസ്സിൽ അദ്ദേഹത്തിന് ശഹീദാകാൻ ഭാഗ്യം കിട്ടി.(അസദുൽഗാബ, ഫീ മഅ്രിഫത്തി സ്വഹാബ വാള്യം 3 പേജ് 46) അദ്ദേഹത്തിന്റെ ആരാധനയുടേയും വിശുദ്ധ ഖുർആൻ പാരായണത്തിന്റേയും ഒരു സംഭവം ഹദ്റത്ത് ആഇശ(റ)വിവരിക്കുന്നു: 'ഒരു രാത്രി നബി(സ)തിരുമേനി തഹജ്ജുദിന്റെ നേരത്ത് ഉണർന്നു. അപ്പോൾ മസ്ജിദിൽനിന്ന് വിശുദ്ധ ഖുർആൻ ഓതുന്നത് കേട്ടു. നബി(സ)തിരുമേനി തഹജ്ജുദിന് നേരത്തെ ഉണരുമായിരുന്നു. അബ്ബാദിന്റെ സ്വരമാണോ അതെന്ന് നബി(സ) തിരുമേനി ചോദിച്ചു. ഹദ്റത്ത് ആഇശ പറയുന്നു: 'അങ്ങനെയാണ് തോന്നുന്നതെന്ന് ഞാൻ പറഞ്ഞു.' തത്സമയം നബി(സ) തിരുമേനി പറഞ്ഞു: 'അല്ലാഹുവേ അദ്ദേഹത്തിനുമേൽ നീ കരുണ ചെയ്യേണമേ.'(സ്വഹീഹ് ബുഖാരി കിതാബുശ്ശഹാദാത്ത് ഹദീഥ് 2655)

വിശുദ്ധഖുർആനിന്റെ പാരായണത്തിൽ തങ്ങളുടെ രാത്രികൾ കഴിച്ചുകൂട്ടി നബി(സ) തിരുമേനിയുടെ ദുആകൾ നേരിട്ട് കരസ്ഥമാക്കിയിരുന്ന അവർ എത്രമാത്രം ഭാഗ്യവാന്മാരായിരുന്നു. രാത്രികളിൽ ഉണർന്ന് അവർ അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നതിനും അവന്റെ കാരുണ്യം കരസ്ഥമാക്കുന്നതിനും അവനെ വിളിക്കുമായിരുന്നു.

ഹദ്റത്ത് അബ്ബാദിന്(റ) തന്റെ ഒരു സ്വപ്നം കാരണത്താൽ ശഹാദത്തിന്റെ പദവി തനിക്ക് ലഭിക്കുമെന്ന് ദൃഢവിശ്വാസമുണ്ടായിരുന്നു. ഹദ്റത്ത് അബൂസഈദ് ഖുദ്രി(റ)പറയുന്നു: 'ഹദ്റത്ത് അബ്ബാദ് ഒരിക്കൽ എന്നോടു പറഞ്ഞു: ആകാശം പൊട്ടുന്നതായും ഞാൻ അതിൽ പ്രവേശിക്കുന്നതായും പിന്നീട് അത് അടയുന്നതായും ഞാൻ സ്വപ്നം കണ്ടിരിക്കുന്നു; തിരിച്ച് അത് പൂർവസ്ഥിതിയിലായി. ഈ സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പറയുമായിരുന്നു, 'അല്ലാഹു ശഹാദത്തിന്റെ പദവി നല്കുമെന്ന് എനിക്കു ദൃഢവിശ്വാസമുണ്ട്. അങ്ങനെ യമാമ യുദ്ധത്തിൽ അദ്ദേഹത്തിന്റെ ഈ സ്വപ്നം പൂവണിഞ്ഞു. വലിയ തന്റേടത്തോടെ പോരാടിക്കൊണ്ട് അദ്ദേഹം ശഹാദത്ത് വരിച്ചു. പക്ഷേ, ഏതൊരു ശത്രുവുമായിട്ടാണോ അവർ പോരാടിയിരുന്നത് അവരുടെമേൽ എല്ലാ അൻസ്വാറും ഉൾപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ സൈന്യം വിജയം നേടി. അദ്ദേഹം ശഹീദായി, പക്ഷേ, ശത്രുക്കളുടെമേൽ വിജയം കരസ്ഥമാക്കി. ഹദ്റത്ത് അബൂസഈദ് ഖുദ്രി(റ) പറയുന്നു: 'യുദ്ധത്തിനുശേഷം അദ്ദേഹത്തിന്റെ മുഖം വാളുകൊണ്ടുള്ള മുറിവുകളാൽ തിരിച്ചറിയാൻ കഴിയുമായിരുന്നില്ല. അദ്ദേഹത്തിന്റെ ശരീരത്തിലുണ്ടായിരുന്ന ഒരു പാടു കണ്ടാണ് തിരിച്ചറിഞ്ഞത്.'(അത്ത്വബഖാത്തുൽകുബ്റ ലി ഇബ്നി സഅ്ദ് തർജമ വാള്യം 4 പേജ് 31)

ചരിത്രം മറ്റൊരു സ്വഹാബിയെ കുറിച്ച് നമുക്ക് പറഞ്ഞു തരുന്നുണ്ട്. അദ്ദേഹത്തിന്റെ പേര് ഹർറാമുബ്നു മൽഹാൻ എന്നായിരുന്നു. ഈ യുവാവ് യുവാക്കളേയും മറ്റുള്ളവരേയും ഖുർആൻ പഠിപ്പിക്കുകയും ദരിദ്രരേയും അസ്ഹാബുസ്സുഫ്ഫയേയും സേവിക്കുകയും ചെയ്യുന്നതിൽ മുൻപന്തിയിലായിരുന്നു. ബനീ ആമിറിലെ ഒരു സംഘം നബി(സ) തിരുമേനിയോടു തങ്ങൾക്ക് തബ്ലീഗ് ചെയ്യുന്നതിനും ഇസ്‌ലാമിനെകുറിച്ച് പഠിപ്പിക്കുന്നതിനും അങ്ങനെ തങ്ങളുടെ ആളുകൾ ഇസ്‌ലാം സ്വീകരിക്കുന്നതിനും കുറച്ചാളുകളെ അയച്ചുതരാൻ അപേക്ഷിച്ചു. അവരുടെ നിയ്യത്ത് ആ നേരത്തും മോശമായിരുന്നു. പക്ഷേ, എന്തായാലും അവർ അപേക്ഷിച്ചു. ഇവർ വിശ്വസ്തരായിരുന്നില്ല. അതുകൊണ്ട് നബി(സ)തിരുമേനി അവരോടു നിങ്ങളെക്കൊണ്ട് എനിക്ക് അപകടമുണ്ടെന്ന് പറഞ്ഞു. ഞാൻ അയക്കുന്ന ആളുകൾക്ക് നിങ്ങളുടെ ആളുകൾ നഷ്ടമുണ്ടാക്കിയേക്കാം. അപ്പോൾ അവരുടെ നേതാവ്-അയാൾ അപ്പോൾ ഇസ്‌ലാം സ്വീകരിച്ചിരുന്നില്ല- പറഞ്ഞു: 'ആ ഉത്തരവാദിത്തം ഞാൻ ഏല്ക്കുന്നു. ഞാൻ ഉത്തരവാദിയായിരിക്കും. അവരെല്ലാവരും എന്റെ അഭയത്തിലായിരിക്കും.' നബി(സ) തിരുമേനി ഹർറാമുബ്നു മൽഹാനെ അമീറാക്കി ഒരു സംഘത്തെ ബനീആമിറിലേക്കയച്ചു. ഈ സംഘം അവിടെ എത്തിയപ്പോൾ എന്തോ പന്തികേടുണ്ടെന്ന് ഹർറാമുബ്നു മൽഹാന് തോന്നി; അവരുടെ പെരുമാറ്റം നല്ലതായി കാണാൻ കഴിഞ്ഞില്ല. അവരുടെ നിയ്യത്ത് ശരിയല്ലെന്ന് ദൂരെനിന്നുതന്നെ അദ്ദേഹം അറിഞ്ഞു. അങ്ങനെ അദ്ദേഹം തന്റെ കൂടെയുള്ളവരോടു പറഞ്ഞു: നമ്മൾ തന്ത്രപരമായി കാര്യങ്ങൾ സൂക്ഷിച്ചു ചെയ്യേണ്ടതുണ്ട്. എല്ലാവരും ഒരുമിച്ച് അവിടെ പോകണ്ട. കാരണം അവർ നമ്മെ വളഞ്ഞാൽ ഒറ്റ സമയംകൊണ്ട് എല്ലാവർക്കും നഷ്ടമുണ്ടാക്കിയേക്കാം. അതുകൊണ്ട് നിങ്ങളെല്ലാവരും ഇവിടെ നില്ക്കുക, ഞാനും മറ്റൊരാളും അവിടെ പോകാം. അവർ ഞങ്ങളോട് നല്ലരീതിയിൽ പെരുമാറിയാൽ നിങ്ങളും വരണം. ഞങ്ങൾക്കെന്തെങ്കിലും നഷ്ടം സംഭവിച്ചാൽ നിങ്ങൾ സന്ദർഭോചിതം തീരുമാനമെടുത്തുകൊള്ളുക.' തിരിച്ചുപോകണമോ, അവരുമായി പോരാടണമോ, അല്ലെങ്കിൽ അവിടെ താമസിക്കണമോ! ഹർറാമുബ്നു മൽഹാനും അദ്ദേഹത്തിന്റെ കൂട്ടുകാരനും അവരുടെയടുക്കൽ ചെന്നപ്പോൾ ബനീആമിറിലെ സർദാർ ഒരാളോടു ആംഗ്യം കാണിക്കുകയും അയാൾ ഹർറാമുബ്നു മൽഹാനെ പിന്നിൽനിന്ന് കുന്തം കൊണ്ട് കുത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ കഴുത്തിൽനിന്ന് രക്തം ചീറ്റി. അദ്ദേഹം തന്റെ രക്തം തന്റെ കൈകളിൽ എടുത്തുകൊണ്ട് പറഞ്ഞു: 'കഅ്ബയുടെ റബ്ബാണ! ഞാൻ വിജയിച്ചു.' അദ്ദേഹത്തിന്റെ കൂട്ടുകാരനേയും അവർ പിന്നീട് ശഹീദാക്കി. തുടർന്ന് ആക്രമണം നടത്തി മറ്റു എഴുപതുപേരേയും ശഹീദാക്കി; ഒന്നുരണ്ടു പേരൊഴികെ അവരെല്ലാവരേയും ശഹീദാക്കി. അവരെ അക്രമപരമായ നിലയിൽ വഞ്ചനയിലൂടെ ശഹീദാക്കുമ്പോൾ അവർ ദുആ ചെയ്തു; 'അല്ലാഹുവേ! ഞങ്ങളുടെ ഈ ത്യാഗങ്ങൾ സ്വീകരിക്കേണമേ. ഞങ്ങളുടെ ഈ അവസ്ഥയെ കുറിച്ച് നബി(സ) തിരുമേനിയെ അറിയിക്കേണമേ. കാരണം ഈ വിവരം അറിയിക്കാൻ മറ്റൊരു മാർഗവുമില്ല.' അങ്ങനെ നബി(സ) തിരുമേനിയ്ക്ക് ഹദ്റത്ത് ജിബ്രീൽ(അ) ആ സ്വഹാബാക്കളുടെ സലാം എത്തിച്ചു. അവിടത്തെ അവസ്ഥകളേയും ശഹാദത്തുകളേയും കുറിച്ച് അറിയിച്ചു. അവരെയെല്ലാം ശഹീദാക്കിയ വിവരം നബി(സ) തിരുമേനി സ്വഹാബാക്കളോടു പറഞ്ഞു. ഞാൻ പറഞ്ഞതുപോലെ അവർ 70 പേരുണ്ടായിരുന്നു. എല്ലാവരുടേയും ഈ ശഹാദത്ത് നബി(സ)തിരുമേനിയെ അതീവ ദുഃഖത്തിലാഴ്ത്തി. അവിടന്ന് 30 ദിവസം ആ ഗോത്രക്കാർക്കെതിരെ ദുആ ചെയ്തു. 'അല്ലാഹുവേ! അവരിലാരാണോ അക്രമം ചെയ്തത് അവരെ നീ തന്നെ പിടിച്ചാലും. നബി(സ) തിരുമേനി ആ ശഹാദത്തുകളെ വലിയ മഹത്തായ ശഹാദത്തുകളെന്ന് വിശേഷിപ്പിച്ചു.'(സ്വഹീഹ് ബുഖാരി കിതാബുൽ മഗാസി ഹദീഥ് 4091)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ പ്രേമത്തേയും സ്നേഹത്തേയും ദീനിനുവേണ്ടിയുള്ള മഹത്തായ ത്യാഗത്തേയും സ്മരിച്ചുകൊണ്ടു ഒരു അവസരത്തിൽ പറയുന്നു: "സ്നേഹമെന്നു പറയുന്നത് എല്ലാം ചെയ്യിക്കുന്ന ഒരു കാര്യമാണ്. ഒരാൾ ആരെയെങ്കിലും സ്നേഹിക്കുന്നു. അവൻ തന്റെ പ്രേമഭാജനത്തിനുവേണ്ടി എന്തൊന്നായിരിക്കും ചെയ്യാതിരിക്കുക." പിന്നീട് അവിടന്ന് ലൗകികരുടെ ഒരു ഉദാഹരണം നല്കി. 'ഒരു സ്ത്രീ ഏതോ ഒരാളെ സ്നേഹിച്ചു. അയാൾ അവളെ വലിച്ചു വലിച്ചു കൊണ്ടുവരികയും ബുദ്ധിമുട്ടിക്കുകയും ചെയ്യുമായിരുന്നു. മർദനം ഏല്ക്കുമായിരുന്നു, പക്ഷേ, അപ്പോഴെല്ലാം തനിക്ക് ആനന്ദം ലഭിക്കുന്നുവെന്ന് അവൾ പറയുമായിരുന്നു. വ്യാജമായ സ്നേഹത്തിന്റേയും ആജ്ഞാലംഘനത്തിന്റേയും കുറ്റകൃത്യത്തിന്റേയും നിറത്തിൽ പ്രത്യക്ഷപ്പെടുന്നവർക്ക് തങ്ങളുടെ പ്രേമത്തിൽ വിപത്തുകളും ബുദ്ധിമുട്ടുകളും സഹിക്കുന്നതിൽ ഒരു ആനന്ദം കിട്ടുന്നു.' അവിടന്ന് പറയുന്നു,(ലൗകികരുടെ അവസ്ഥ ഇതാകുമ്പോൾ) അല്ലാഹുവിനെ പ്രേമിക്കുന്നവൻ, അവന്റെ തിരുസന്നിധിയിൽ ബലിയാടാകാൻ ആഗ്രഹിക്കുന്നവൻ ആ വിപത്തുകളും ബുദ്ധിമുട്ടുകളും സഹിക്കുന്നതിൽ എത്രമാത്രം ആനന്ദം പ്രാപിക്കുന്നുണ്ടാകും.' അവിടന്ന് പറയുന്നു: 'ആദരണീയരായ സ്വഹാബാക്കൾ രിള്‌വാനല്ലാഹി അലയ്ഹിമിന്റെ അവസ്ഥ നോക്കുക! മക്കയിൽ അവർക്ക് എന്തെന്തെല്ലാം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നു. അവരിൽ ചിലർ പിടിക്കപ്പെട്ടു. പ

"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."
(ഖുത്ബ ജുമുഅ, 2017 മെയ് 5)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)

"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)

ലരീതിയിലുള്ള ബുദ്ധിമുട്ടുകളിലും ദണ്ഡനങ്ങളിലും അകപ്പെട്ടു. പുരുഷന്മാർ എന്തായാലും പുരുഷന്മാർതന്നെ. പക്ഷേ, മുസ്‌ലിം സ്ത്രീകളുടെമേൽ എത്രമാത്രം അക്രമങ്ങൾ ചെയ്യപ്പെട്ടുവെന്നാൽ അത് സങ്കല്പിക്കുമ്പോൾ ശരീരം വിറകൊള്ളുന്നു. അവർ മക്കക്കാരെ കണ്ടുമുട്ടുന്ന നേരത്ത് ബാഹ്യമായി അവരെ ബഹുമാനിച്ചിരുന്നു. കാരണം അവരുടെ ബന്ധുക്കളായിരുന്നു. എന്നാൽ, ആ വിപത്തുകളുടേയും ബുദ്ധിമുട്ടുകളുടേയും കൊടുങ്കാറ്റിലും അവരെ സത്യത്തിൽ ഉറപ്പിച്ചുനിറുത്തിയതെന്തായിരുന്നു? സത്യത്തിനോടുള്ള സ്നേഹം കാരണത്താൽ അവരുടെ നെഞ്ചകങ്ങളിൽനിന്ന് പൊട്ടിപ്പുറപ്പെടുന്ന ആനന്ദത്തിന്റേയും സന്തോഷത്തിന്റേയും അരുവിയായിരുന്നു അത്!'

പിന്നീട് അവിടന്ന് ഈ സംഭവത്തിന് ഉദാഹരണം നല്കിക്കൊണ്ടു പറയുന്നു: ഒരു സ്വഹാബിയെ സംബന്ധിച്ച് എഴുതിയിരിക്കുന്നു, അദ്ദേഹത്തിന്റെ കൈ വെട്ടിമുറിക്കപ്പെട്ടപ്പോൾ താൻ വുളു ചെയ്യുന്നുവെന്ന് അദ്ദേഹം പറഞ്ഞു. അവസാനം എഴുതിയിരിക്കുന്നു തലവെട്ടി മുറിച്ചപ്പോൾ(വീണ്ടും പറഞ്ഞു)സുജൂദു ചെയ്യുന്നു. ഇതുപറഞ്ഞുകൊണ്ട് അദ്ദേഹം മരിച്ചു. ആ നേരത്ത് അദ്ദേഹം ദുആ ചെയ്തു: അല്ലാഹുവേ! നബി(സ)തിരുമേനിയെ വിവരം അറിയിച്ചാലും. നബി(സ)തിരുമേനി അപ്പോൾ മദീനയിലായിരുന്നു. ഹദ്റത്ത് ജിബ്‌രീൽ(അ)ചെന്ന് അസ്സലാമു അലയ്ക്കും പറഞ്ഞു. അവിടന്ന് വ അലയ്ക്കുമുസ്സലാം പറഞ്ഞു. ആ സംഭവത്തെ കുറിച്ച് അറിയിപ്പു കിട്ടി. ചുരുക്കിപ്പറഞ്ഞാൽ, അല്ലാഹുവിൽനിന്ന് ലഭിക്കുന്ന ഈ ആനന്ദത്തിനു ശേഷം ഒരു കീടത്തെപ്പോലെ ഞെരിഞ്ഞമർന്ന് മരിക്കുന്നത് സമ്മതമായിത്തീരുന്നു.' (താൻ കഅ്ബയുടെ റബ്ബിനെ പ്രാപിച്ചുവെന്ന് ആ സ്വഹാബി പറഞ്ഞതുപോലെ. പ്രേമത്തിന്റെ പരമമായ അവസ്ഥയിൽ താനെത്തിയിരിക്കുന്നു). ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'സത്യവിശ്വാസിക്ക് കടുപ്പങ്ങളിൽ കടുപ്പമായ ബുദ്ധിമുട്ടുകളും എളുപ്പമായിത്തീരുന്നു. സത്യം ചോദിക്കുകയാണെങ്കിൽ, സത്യവിശ്വാസിയുടെ അടയാളംതന്നെ അവൻ കൊല ചെയ്യപ്പെടാൻ തയ്യാറായിരിക്കുന്നുവെന്നതാണ്. ഇപ്രകാരം ആരോടെങ്കിലും ഒന്നുകിൽ നീ ക്രിസ്ത്യാനിയാകുക അല്ലെങ്കിൽ കൊലചെയപ്പെടുമെന്ന് പറയുക. ആ നേരത്താണ് നോക്കേണ്ടത് അവന്റെ ആത്മാവിൽനിന്ന് എന്ത് ശബ്ദമാണ് വരുന്നതെന്ന്. അയാൾ മരിക്കുന്നതിന് തല കാണിച്ചുതരുമോ അല്ലെങ്കിൽ ക്രിസ്ത്യാനിയാകുന്നതിന് മുൻഗണന നല്കുമോ എന്ന്. അയാൾ മരിക്കാൻ മുൻഗണന നല്കുകയാണെങ്കിൽ അയാൾ യഥാർഥ മുഅ്മിനാണ്. ഇല്ലെങ്കിൽ കാഫിറാണ്. ചുരുക്കത്തിൽ സത്യവിശ്വാസികളുടെമേൽ വരുന്ന വിപത്തുകളിൽ ഉള്ളിന്റെയുള്ളിൽ ഒരു ആനന്ദമുണ്ടാകും. അതുകൊണ്ട് ചിന്തിച്ചുനോക്കുക! ഈ വിപത്തുകളിൽ ആനന്ദമുണ്ടാകുന്നില്ലെങ്കിൽ അമ്പിയാ(അ) ഈ വിപത്തുകളുടെ ഒരു ദീർഘമായ പരമ്പര അനുഭവിച്ചതെന്തിനാണ്?'(മൽഫൂദാത്ത് വാള്യം 2 പേജ് 308-309, 1985 ലണ്ടൻ പതിപ്പ്)

'നബി(സ) തിരുമേനിയുടെ പരിശുദ്ധ ശക്തിപ്രഭാവം സ്വഹാബാക്കളിൽ ഊതിയ ആത്മാവ് എങ്ങനെയുള്ളതായിരുന്നുവെന്നാൽ, അവർ മരിക്കുമ്പോഴും പറഞ്ഞത് കഅ്ബയുടെ റബ്ബാണ! തങ്ങൾ വിജയം വരിച്ചിരിക്കുന്നുവെന്നാണ്; തങ്ങൾ അല്ലാഹുവിനെ പ്രാപിച്ചിരിക്കുന്നുവെന്നാണ്! അവർ നന്മകൾ ചെയ്യുന്നവരായിരുന്നു. അവരുടെമേൽ അക്രമം ചെയ്യപ്പെടുമ്പോൾ, ആ അക്രമത്തിനുവേണ്ടിയാണ് ത്യാഗങ്ങൾ ചെയ്തിരുന്നത്. അല്ലാതെ അക്രമികളാകുന്നതിനായിരുന്നില്ല. ഏതുപോലെയെന്നാൽ ഇക്കാലത്ത് ചില ഗ്രൂപ്പുകൾ, തങ്ങൾ ശഹീദായി അല്ലെങ്കിൽ ശഹീദാകുമ്പോൾ സ്വർഗത്തിൽ പോകും എന്നു പറയാൻ തുടങ്ങിയിരിക്കുന്നു. ഇവർ അവരെ പോലെയല്ല. അവർ അക്രമത്തിന്നെതിരെ പടപൊരുതുന്നവരായിരുന്നു; അക്രമം ചെയ്യുന്നവരായിരുന്നില്ല.'

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റ) ഒരു അൻസ്വാരി സ്വഹാബിയായിരുന്നു. അദ്ദേഹത്തെ കുറിച്ച് പറഞ്ഞിട്ടുള്ളത് ഉഹുദ് യുദ്ധത്തിന് പോകുന്ന സന്ദർഭത്തിൽ അദ്ദേഹം തന്റെ മകനോടു പറഞ്ഞു,'ഏറ്റവുമാദ്യം ശഹീദാകുന്നത് ഞാനായിരിക്കും. അദ്ദേഹം സ്വപ്നം കണ്ടിട്ടുണ്ടാകാം. അല്ലെങ്കിൽ അല്ലാഹു പറഞ്ഞിട്ടുണ്ടാകാം. പറഞ്ഞു,'എന്റെ മരണശേഷം നീ നിന്റെ സഹോദരിമാരെ നോക്കണം.' അദ്ദേഹത്തിന് പെൺമക്കളായിരുന്നു. 'ഒരു യഹൂദിയിൽനിന്ന് ഞാൻ കടം വാങ്ങിയിട്ടുണ്ട്. ആ കടം എന്റെ ഈത്തപ്പന തോട്ടങ്ങളിൽനിന്ന് വരുമാനം കിട്ടുമ്പോൾ വീട്ടുക.'(സ്വഹീഹ് ബുഖാരി, കിതാബുൽ ജനാഇസ് ഹദീഥ് 1351)

ഇതാണ് അല്ലാഹുവിനോടുള്ള സ്നേഹവും ഭക്തിയും. പരിശുദ്ധിയുടേയും കടമകൾ നിറവേറ്റുന്നതിന്റേയും നിലവാരം. ജീവൻ ഒരു പ്രശ്നമേയല്ല. അതിനെ കുറിച്ച് ഒരു ചിന്തയുമില്ല. മറിച്ച് താൻ ശഹീദാക്കപ്പെടുന്നവരിൽ ആദ്യം ശഹീദാക്കപ്പെടുന്ന ഭാഗ്യവാനായിരിക്കുമെന്ന കാര്യത്തിൽ സന്തോഷിക്കുകയാണ്; ശഹാദത്തിന്റെ ഭാഗ്യം പ്രാപിക്കുന്നവനായിരിക്കും. തനിക്ക് പെൺമക്കളുണ്ടെന്നും അവരോടുള്ള കടമകൾ നിറവേറ്റേണ്ടതുണ്ടെന്നുമുള്ള ചിന്തയൊന്നുമില്ല. ആ കടമകൾ നിറവേറ്റുന്നതിന് ഒന്നാമതായി അല്ലാഹുവിലുള്ള അർപണമാണ്. അല്ലാഹുവിൽ സകലവും ഭരമേല്പിച്ചു. പിന്നീട് മകനെ ഉപദേശിച്ചു: 'ഇനി നീ വലിയവനായി വീടിന്റെ നിർബന്ധ കടമകൾ പൂർത്തിയാക്കണം. സഹോദരിമാരെ നോക്കണം.' പിന്നീട് കടം വീട്ടുന്നതിനെ സംബന്ധിച്ചും ചിന്തയുണ്ട്. 'യഹൂദിയിൽനിന്ന് കടം വാങ്ങിയിട്ടുണ്ട്. അത് സ്വന്തം ചെയ്യണമെന്ന് ഞാൻ നിന്നോടു പറയുന്നില്ല. ഇൻശാഅല്ലാഹ് തോട്ടത്തിൽനിന്നുള്ള വരുമാനം കൊണ്ട് അത് വീട്ടപ്പെടുന്നതാണ്. നിന്നിൽ ഭാരമിടുന്നില്ല. കടം വീട്ടേണ്ടത് നിർബന്ധ കടമയാണെന്ന ഒരു ഇസ്‌ലാമിക കല്പനയെ കുറിച്ച് നിന്നോടു പറയുകയാണ്. കടം വീട്ടിയതിനുശേഷമേ നീ എന്റെ സ്വത്തിന് അവകാശിയാകുകയുള്ളൂ. ആദ്യത്തെ കാര്യം ആദ്യത്തെ കല്പന കടം വീട്ടുക എന്നതാണ്.

ഹദ്റത്ത് അബ്ദുല്ലായുടെ ശഹാദത്തിനേയും ത്യാഗത്തേയും അല്ലാഹു എങ്ങനെയാണ് അനുഗ്രഹിച്ചത്. അതിന്റെ വിവരണം ഇങ്ങനെ ലഭിക്കുന്നു: ഹദ്റത്ത് അബ്ദുല്ലായുടെ മകനെ ദുഃഖിതനായി കണ്ട് അനുശോചനം അറിയിച്ചതിനുശേഷം പറഞ്ഞു: ഞാൻ നിന്നോടു സന്തോഷകരമായൊരു കാര്യം പറയാം. നബി(സ)തിരുമേനി പറഞ്ഞു. 'ശഹാദത്തിനുശേഷം അല്ലാഹു നിന്റെ പിതാവിനെ തന്റെ മുമ്പിലിരുത്തി. എന്നിട്ടു പറഞ്ഞു: നീ എന്താഗ്രഹിക്കുന്നുവോ പറഞ്ഞുകൊള്ളുക; എല്ലാം പൂർത്തിയാക്കിത്തരുന്നതാണ്. ഹദ്റത്ത് അബ്ദുല്ലാ തന്റെ റബ്ബിനോടു പറഞ്ഞു: എന്റെ അല്ലാഹുവേ! ഞാൻ ദാസന്റെ കടമ നിർവഹിച്ചിട്ടില്ല; അപ്പോൾ നിന്റെ മുമ്പിൽ എന്റെ ആഗ്രഹം ഏത് നാവുകൊണ്ട് പറയാനാണ്. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ആരാധന നിലവാരമുള്ളതായിരുന്നു. ത്യാഗങ്ങൾ നിലവാരമുള്ളതായിരുന്നു. എന്നിട്ടും പറയുന്നത് താൻ ദാസന്റെ കടമ നിർവഹിച്ചിട്ടില്ലെന്നാണ്. അപ്പോൾ നിന്റെ മുമ്പിൽ എന്റെ ആഗ്രഹം ഏത് നാവുകൊണ്ടാണ് പറയേണ്ടത്? നിന്റെ കാരുണ്യവും കൃപയും പ്രദാനം ചെയ്താലും. അല്ലാഹുവേ! നീ എന്റെ ആഗ്രഹം ചോദിക്കുകയാണെങ്കിൽ അത് ഇതാണ്. നീ എന്നെ വീണ്ടും ഭൂമിയിലേക്ക് അയക്കുക; ഞാൻ വീണ്ടും നിന്റെ നബിയോടൊപ്പംനിന്ന് ശത്രുവിനോടു പോരാടട്ടെ. പിന്നീട് ശഹീദായി നിന്റെയടുക്കൽ വരട്ടെ.' അല്ലാഹു പറഞ്ഞു: 'ആർക്കാണോ ഒരിക്കൽ മരണം നല്കുന്നത് അവനെ വീണ്ടും ലോകത്തേക്ക് അയക്കുകയില്ലെന്ന് ഞാൻ തീരുമാനിച്ചുകഴിഞ്ഞ കാര്യമാണ്.' (മജ്മഅസ്സവാഇദ് വാള്യം 9 പേജ് 389,ഹദീഥ് 15756)അതുകൊണ്ട് നിന്റെ ഈ ആഗ്രഹം പൂർത്തിയാകുകയില്ല. ബാക്കി ഇൻശാ അല്ലാഹ്, ശഹാദത്തിന്റെ സ്ഥാനം കിട്ടേണ്ടതുതന്നെയാണ്.

ഇപ്രകാരം മറ്റൊരു സ്വഹാബി ഹദ്റത്ത് അംറുബ്നു ജമൂഇന്റെ ത്യാഗാവേശത്തിന്റേയും ശഹാദത്തിന്റേയും വിവരണം ഇങ്ങനെ നമുക്ക് ലഭിക്കുന്നു. അദ്ദേഹത്തിന്റെ കാലിലെ ബുദ്ധിമുട്ട് കാരണത്താൽ ബദർ യുദ്ധത്തിൽ പങ്കെടുക്കാൻ അദ്ദേഹത്തിന്റെ മക്കൾ അനുവദിച്ചില്ല. ഉഹുദിന്റെ അവസരം വരികയും അവിശ്വാസികൾ മുസ്‌ലീംകളുടെമേൽ ആക്രമണം നടത്താൻ സംഘടിക്കുകയും ചെയ്തപ്പോൾ അദ്ദേഹം തന്റെ മക്കളോടു പറഞ്ഞു, നിങ്ങൾ എന്തൊന്ന് ആഗ്രഹിക്കുന്നുവോ ചെയ്തുകൊള്ളുക, ഇനി ഞാൻ നിങ്ങൾ പറയുന്നത് കേൾക്കുയില്ല. ഇതിൽ തീർച്ചയായും പങ്കെടുക്കുന്നതാണ്. അങ്ങനെ അദ്ദേഹം നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി പറഞ്ഞു: 'എന്റെ മക്കൾ, എന്റെ കാലിലെ ബുദ്ധിമുട്ടുകാരണത്താൽ എന്നെ യുദ്ധത്തിൽ പങ്കെടുക്കുന്നതിൽനിന്ന് തടയുന്നു. പക്ഷേ, ഞാൻ താങ്കളോടൊപ്പം ഈ യുദ്ധത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നു. പറഞ്ഞു അല്ലാഹുവാണ! അവൻ എനിക്ക് ശഹാദത്ത് നല്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഞാനെന്റെ ഞൊണ്ടൻ കാല് കാരണത്താൽ സ്വർഗത്തിൽ പോകുന്നതായിരിക്കും.' നബി(സ) തിരുമേനി പറഞ്ഞു: വൈകല്യം കാരണത്താൽ താങ്കൾക്ക് ജിഹാദ് നിർബന്ധമല്ല. എന്നാൽ, താങ്കളുടെ ആഗ്രഹമിതാണെങ്കിൽ പങ്കെടുക്കുക.' അദ്ദേഹത്തെ പങ്കെടുക്കാൻ അനുവദിക്കുകയെന്ന് കുട്ടികളോടും പ


"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."
(ഖുത്ബ ജുമുഅ,2017 മെയ് 5.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)

"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)

റഞ്ഞു. അങ്ങനെ ഹദ്റത്ത് അംറ് യുദ്ധത്തിൽ പങ്കെടുത്തു. അദ്ദേഹം ഇങ്ങനെ ദുആ ചെയ്തു കൊണ്ടിരുന്നു. 'അല്ലാഹുവേ! എനിക്ക് ശഹാദത്ത് നല്കിയാലും. പരാജിതനായിക്കൊണ്ട് എന്നെ വീട്ടിലേക്ക് മടക്കരുതേ. പിന്നീട് അദ്ദേഹത്തിന്റെ ശഹാദത്ത് പുലരുകയും ചെയ്തു. അദ്ദേഹം ഉഹുദ് മൈതാനിയിൽ ശഹീദാകുകയും ചെയ്തു.'(അസദുൽ ഗാബ വാള്യം 7 പേജ് 688-689)

ഈയാളുകൾ ഈമാനിൽ വളർന്നവരായിരുന്നു. ദൃഢവിശ്വാസത്തിൽ വളർന്നവരായിരുന്നു. ഏത് സ്വഹാബിയുടെ സംഭവമെടുത്താലും, അവർ ആത്മാർഥതയിലും കൂറിലും അല്ലാഹുവിനുവേണ്ടി ജീവൻ കാണിക്കവെക്കുന്നതിലും എപ്പോഴും തയ്യാറായിരുന്നുവെന്ന് കാണാം.

ഹദ്റത്ത് അബൂത്വൽഹ(റ) ഒരു അൻസ്വാരി സ്വഹാബിയായിരുന്നു. അദ്ദേഹം അമ്പെയ്ത്തിൽ പ്രശസ്തനായിരുന്നു. ഉഹുദു യുദ്ധത്തിൽ അമ്പെയ്തുകൊണ്ട് അദ്ദേഹം തന്റെ കഴിവ് തെളിയിച്ചു. (സ്വഹീഹ് ബുഖാരി, കിതാബുൽ മനാഖിബ് ഹദീഥ് 3811)

അബൂത്വൽഹയുടെ മുമ്പിൽ അമ്പിടുക എന്ന് നബി(സ)തിരുമേനി പറയാറുണ്ടായിരുന്നു. കാരണം അദ്ദേഹം വളരെ വേഗത്തിൽ അമ്പുകൾ ഉപയോഗിക്കുകയും ലക്ഷ്യസ്ഥാനത്ത് പതിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിനും ഉഹുദു യുദ്ധത്തിൽ നബി(സ) തിരുമേനിയുടെ മുമ്പിൽ പരിചയായി നില്ക്കാനുള്ള തൗഫീഖ് കിട്ടി. ഇദ്ദേഹം അൻസ്വാരിയായിരുന്നു. ഹദ്റത്ത് അബൂ ത്വൽഹ തന്റെ കൈ നബി(സ)തിരുമേനിയുടെ മുഖകമലത്തിനുമുമ്പിൽ മറയായി പിടിച്ചിരുന്നു. അബൂത്വൽഹയ്ക്കും നബി(സ)തിരുമേനിയുടെ മുന്നിൽനിന്നുകൊണ്ട് ധൈര്യത്തിന്റേയും തന്റേടത്തിന്റേയും കഴിവു കാണിക്കാൻ അവസരം കിട്ടിയിരുന്നു.(സ്വഹീഹ് ബുഖാരി, കിതാബുൽ മനാഖിബ്, ഹദീഥ് 3811)നിർഭയനും അചഞ്ചലനുമായിക്കൊണ്ട് വളരെ ഭയാനകമായ സ്ഥലങ്ങളിൽ നില്ക്കാൻ യുദ്ധാവസരത്തിൽ മുൻഗണന നല്കിയിരുന്നു. ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യാൻ ഗ്രഹിക്കുന്ന ശത്രുക്കളോടു പൊരുതുക എന്നതായിരുന്നു ലക്ഷ്യം. ലോകത്ത് ശാന്തിയും സമാധാനവും സ്ഥാപിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. ഞാൻ പറഞ്ഞതുപോലെ അക്കൂട്ടർ അക്രമം ചെയ്യുന്നതിനല്ല യുദ്ധം ചെയ്തിരുന്നത്. മറിച്ച് ശത്രുക്കൾ ആക്രമിച്ചപ്പോൾ പിന്നെ അവർ ഭീരുത്വം കാണിച്ചില്ല. മറിച്ച് ധൈര്യത്തിന്റേയും ശൂരതയുടേയും കഴിവ് കാണിച്ചു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി തങ്ങളുടെ എല്ലാ കഴിവുകളും പ്രയോഗിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവിൽനിന്ന് മനസ്സിലാകുന്നത് സംഭവിച്ചിരിക്കുക തന്നെ ചെയ്യും. കാര്യഹേതുക്കൾക്ക് എന്താണ് ചെയ്യാൻ കഴിയുക? ഒന്നും തന്നെയില്ല. തന്റെ വഴിയിൽ പോകുകയാണെങ്കിൽ മുറാഗമൻ കഥീറൻ(ധാരാളമായി അഭയസ്ഥാനം കണ്ടെത്തുന്നതാണ്-4:101) പ്രാപിക്കുമെന്ന് അല്ലാഹു പറയുന്നു. ശക്തമായ നിയ്യത്തോടെ ചുവടുവച്ചാൽ അല്ലാഹു അവനോടൊപ്പമുണ്ടാകും. എന്നല്ല, മനുഷ്യൻ രോഗിയാകുകയാണെങ്കിൽ അവന്റെ രോഗം ഭേദമാകുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'സ്വഹാബത്തിന്റെ ജീവിതമാതൃക നോക്കുക. യഥാർഥത്തിൽ ആദരണീയരായ സ്വഹാബാക്കളുടെ മാതൃകകൾ എങ്ങനെയുള്ളതാണെന്നാൽ, എല്ലാ നബിമാരുടേയും മാതൃകയാണ്. അല്ലാഹുവിന് കർമങ്ങൾ തന്നെയാണ് ഇഷ്ടമായിട്ടുള്ളത്. അവർ ആടുകളെപ്പോലെ തങ്ങളുടെ ജീവനുകൾ നല്കി. അവരുടെ ഉദാഹരണം എങ്ങനെയുള്ളതാണെന്നാൽ നുബുവ്വത്തിന്റെ ഒരു രൂപം ആദം(അ)മിൽനിന്ന് നടന്നുവരുന്നു." (നുബുവ്വത്തിന് ഒരു രൂപമുണ്ട്. ഒരു മഹത്ത്വമുണ്ട്. അതിനെ ബാഹ്യമായ രൂപത്തിൽ പറയപ്പെടുന്നു). നമ്മുടെ മതചരിത്രത്തിൽ ഹദ്റത്ത് ആദം(അ)മിൽ നിന്ന് അത് നടന്നുവരുന്നതായി നമ്മൾ കാണുന്നു). ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എന്നാൽ, സ്വഹാബ തിളക്കമുള്ളതാക്കി കാണിച്ചു.'(ജ്ഞാനപരമായ നില പറയുക മാത്രമല്ല ചെയ്തത്. മറിച്ച് കർമംകൊണ്ട് അതിനെ തിളക്കമാർന്നതാക്കിക്കാണിച്ചു). ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഇതിനാണ് സത്യസന്ധതയും കൂറുമെന്ന് പറയുന്നതെന്ന് പറഞ്ഞുകൊടുത്തു.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഹദ്റത്ത് ഈസായുടെ അവസ്ഥയെ കുറിച്ച് ചോദിക്കുകയേ വേണ്ട. മൂസായേ(അ) ആരും വിറ്റില്ല. എന്നാൽ, ഈസായെ അദ്ദേഹത്തിന്റെ ഹവാരീംകൾ 30 രൂപ വാങ്ങി വിറ്റുകളഞ്ഞു. ഹവാരിംകൾക്ക് ഹദ്റത്ത് ഈസാ(അ)യുടെ സത്യസാക്ഷ്യത്തിൽ സംശയമുണ്ടായിരുന്നുവെന്ന് വിശുദ്ധഖുർആനിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്. ഭക്ഷണത്തളിക ചോദിച്ചപ്പോഴെല്ലാം പറഞ്ഞു: വ നഅ്‌ലമു അൻ ഖദ് സ്വദഖ്തനാ (5:114) നീ സത്യവാനാണോ കള്ളവാദിയാണോ എന്ന് സ്ഥാപിതമാകട്ടെ. ഇതിൽനിന്ന് മനസ്സിലാകുന്നത് ഭക്ഷണത്തളിക ഇറങ്ങുന്നതിനുമുമ്പേ അവരുടെ അവസ്ഥ നഅ്‌ലമു എന്നതായിരുന്നു എന്നാണ്. പിന്നെ സൗഖ്യമൊന്നുമില്ലാത്ത ജീവിതമാണ് അവർ (സ്വഹാബാക്കൾ) കഴിച്ചത്. അതിന് എങ്ങും ഒരു മാതൃക കാണുകയില്ല.' അവിടന്ന് പറയുന്നു: സ്വഹാബാക്കളുടെ സംഘം അത്ഭുതകരമായ സംഘമായിരുന്നു. ആദരാർഹരും അനുധാവനാർഹരുമായ സംഘമായിരുന്നു. അവരുടെ മനസ്സ് ദൃഢവിശ്വാസത്താൽ നിറഞ്ഞിരുന്നു. ദൃഢവിശ്വാസമുണ്ടാകുമ്പോൾ പതുക്കെപ്പതുക്കെ ഒന്നാമതായി ധനം തുടങ്ങിയവ ദാനംചെയ്യാൻ മനസ് ആഗ്രഹിക്കുന്നു. പിന്നീട് അത് വർധിക്കുമ്പോൾ യഖീൻ അഥവാ അനുഭവജ്ഞാനമുള്ള മനുഷ്യൻ അല്ലാഹുവിനുവേണ്ടി ജീവൻ കൊടുക്കുന്നതിനും തയ്യാറാകുന്നു.'(മൽഫൂദാത്ത് വാള്യം 5 പേജ് 42, 1985 ലണ്ടൻ പതിപ്പ്)

ഈ ദൃഢവിശ്വാസവും നബി(സ) തിരുമേനിയുടെ പരിശുദ്ധ ശക്തിപ്രഭാവം കാരണത്താൽ എപ്പോഴും വർധിച്ചുകൊണ്ടേപോകുകയായിരുന്നു. ആ സ്വഹാബാക്കളുടെ നിത്യേനയുള്ള കാര്യങ്ങളും റസൂലിനോടുള്ള പ്രേമവായ്പിന്റെ അത്ഭുതകരമായ ദൃശ്യങ്ങൾ കാണിക്കുന്നുണ്ട്. ഏതെങ്കിലും അവസരം കിട്ടിയാൽ അവർക്ക് തങ്ങളുടെ സ്നേഹപ്രകടനം കാണിക്കുന്നതിനുള്ള പരിശ്രമമുണ്ടായിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറിനെ കുറിച്ച് വന്നിരിക്കുന്നു, സാധാരണ അവസ്ഥകളിലും നബി(സ)തിരുമേനിയോടുള്ള സ്നേഹവും കൂറും പ്രകടിപ്പിക്കണം എന്ന ചിന്തയിലായിരുന്നു അദ്ദേഹം. നിവേദനത്തിൽ വന്നിരിക്കുന്നു: ഒരിക്കൽ തന്റെ മകൻ ജാബിറിന്റെ കൈയിൽ വീട്ടിലുണ്ടാക്കിയ എന്തോ മധുരം നബി(സ)തിരുമേനിക്ക് കൊടുത്തയച്ചു. തിരിച്ചു വന്നപ്പോൾ മകനോടു ചോദിച്ചു, നബി(സ)തിരുമേനി എന്തെങ്കിലും പറഞ്ഞുവോ? അദ്ദേഹം പറഞ്ഞു, ജാബിർ ഇറച്ചിയാണോ കൊണ്ടുവന്നതെന്ന് നബി(സ)തിരുമേനി ചോദിച്ചു. അപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് പറഞ്ഞു, 'എന്റെ യജമാനന് ഇറിച്ചി തിന്നാൻ ആഗ്രഹമുണ്ട്. ഉടനെ തന്റെ വീട്ടിലെ ഒരു ആടിനെ അറുത്തു. പിന്നീട് മാംസം പാകം ചെയ്തു നബി(സ)തിരുമേനിക്ക് കൊടുത്തയച്ചു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ കുടുംബത്തേയും ദുആ കൊണ്ട് അനുഗ്രഹിച്ചു.' (അൽജാമിഉ ലി ശുഅ്ബിൽഈമാൻ വാള്യം 8 പേജ് 62-63)

സ്വഹാബത്തിന് ആരംഭത്തിൽ തങ്ങളുടെ അടുത്ത ബന്ധുക്കൾക്ക് തബ്‌ലീഗ് ചെയ്യുന്നതിൽ വലിയ പ്രയാസങ്ങൾ നേരിട്ടിരുന്നു. ചിലയിടത്ത് മകൻ മുസ്‌ലിമായി. പിതാവായില്ല. അങ്ങനെയുള്ള പ്രയാസങ്ങൾ! ചിലയിടത്ത് ചില ദുർബലരായ ബന്ധുക്കൾ, പുരുഷനോ സ്ത്രീയോ മുസ്‌ലിമായാൽ മറ്റുള്ള വലിയ ബന്ധുക്കൾ ദ്രോഹിക്കുമായിരുന്നു. ഹദ്റത്ത് അംറുബ്നു ജമൂഇനെക്കാൾ മുമ്പേ അദ്ദേഹത്തിന്റെ മകൻ ബയ്അത്ത് ചെയ്തിരുന്നു. അദ്ദേഹം ബഹുദൈവാരാധകനായിരുന്നു. പിതാവിനെ തബ്‌ലീഗ് ചെയ്യാൻ മറ്റൊരു വഴിയും കാണാതെ വന്നപ്പോൾ പിതാവ് അലങ്കരിച്ചുവച്ചിരുന്ന ബിംബമെടുത്ത് നിത്യവും രാത്രിയിൽ കുപ്പയിൽ എറിയുമായിരുന്നു; അതിൽ അദ്ദേഹം വളരെ ക്ഷുഭിതനാകുമായിരുന്നു. അംറുബ്നു ജമൂഇ അത് തിരഞ്ഞെടുത്ത് വീട്ടിൽ കൊണ്ടുവരുമായിരുന്നു. ആരാണ് ഇതെറിഞ്ഞതെന്ന് എനിക്കു മനസ്സിലായാൽ താൻ അവനെ കഠിനമായി ശിക്ഷിക്കുമെന്ന് കോപാകുലനായി പറയുമായിരുന്നു. അടുത്ത ദിവസവും മകൻ വീണ്ടും ബിംബത്തോടു അങ്ങനെ തന്നെ ചെയ്യുമായിരുന്നു. അവസാനം ഒരു ദിവസം അംറ് ആ ബിംബത്തെ നല്ലവണ്ണം വൃത്തിയാക്കുയും ഒരുക്കുകയും തന്റെ വാൾ അതിനോടു ചേർത്ത് വെക്കുകയും ചെയ്തു. ഇനി നീ തന്നെ നിന്നെ സംരക്ഷിച്ചോവെന്ന് അതിനോടു പറയുകയും ചെയ്തു. അടുത്ത ദിവസം അത് അപ്രത്യക്ഷമായി. തിരഞ്ഞപ്പോൾ ഒരു അഴുക്ക് കൂനയിൽ ഒരു ചത്തപട്ടിയുടെ കഴുത്തിൽ കെട്ടിയിട്ടിരിക്കുന്നതായി കണ്ടു. അംറ് ഇതു കണ്ട് ചിന്താകുലനായി. താൻ ദൈവമാക്കിവച്ചിരിക്കുന്ന ഈ ബിംബത്തിന് വാൾ അടുത്തുതന്നെ ഉണ്ടായിരുന്നിട്ടും സംരക്ഷിക്കാൻ കഴിഞ്ഞില്ല. അപ്പോൾ പിന്ന് അത് എന്നെ എങ്ങനെയാണ് സംരക്ഷിക്കുക! അദ്ദേഹം അതിനോടു പറഞ്ഞു: നീ സത്യവാനായ ദൈവമായിരുന്നെങ്കിൽ പട്ടിയുടെ കഴുത്തിൽ കിടക്കുമായിരുന്നില്ല. ഞാൻ അത്യുന്നതനായ അല്ലാഹുവിനെ വാഴ്ത്തുന്നു.

**കലാമുൽ ഇമാം:-**

"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."
(മൽഫൂദാത്ത്, വാള്യം 5, പേജ് 121)

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

**കലാമുൽ ഇമാം:-**

"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാള്യം 4, പേജ് 344).

**ത്വാലിബെ ദുആ:**
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

അവനാണ് ജീവിതവിഭവം നല്കുന്നത്. നീതിയോടുകൂടി പെരുന്നത്. അൻസ്വാറിൽ ഏറ്റവും അവസാനം ഇസ്ലാം സ്വീകരിച്ചത് അംറുബ്നു ജുമൂഅ് തന്നെയായിരുന്നു.'(അസദുൽ ഗാബ, വാല്യം 7 പേജ് 688)

നബി(സ) തിരുമേനിയുടെ സ്വഹാബക്കളോടുള്ള സ്നേഹത്തിന്റെ ആ ശൈലി, പിന്നീട് അവിടത്തെ പരിശുദ്ധശക്തിപ്രഭാവംകൊണ്ട് അല്ലാഹുവിനോടു ആ സ്വഹാബാക്കൾക്കു ബന്ധമുണ്ടായി. അല്ലാഹുവും ചില ഘട്ടങ്ങളിൽ ആ സ്വഹാബാക്കളെ നേരിട്ടോ അല്ലെങ്കിൽ നബി(സ) തിരുമേനി മുഖേനയോ സഹായിച്ചു. അതിന്റെ സ്മരണയും സ്വഹാബത്തിന്റെ പദവിയേയും സ്ഥാനത്തേയും കുറിച്ച് പറഞ്ഞുതരുന്നു.

ഹദ്റത്ത് ഉബയ് ബിൻ കഅ്ബിന്റെ അല്ലാഹുവുമായുള്ള ബന്ധത്തിന്റെ ഒരു സംഭവം ബുഖാരിയിൽ ഇങ്ങനെ ലഭിക്കുന്നുണ്ട്: ഒരിക്കൽ നബി(സ) തിരുമേനി അദ്ദേഹത്തോടു പറഞ്ഞു: ഞാൻ നിന്നെ ഖുർആൻ ഓതി കേൾപിക്കണമെന്ന് അല്ലാഹു എന്നോടു കല്പിച്ചിരിക്കുന്നു. നബി(സ)തിരുമേനി തന്റെ സ്വഹാബിയോടു പറയുന്നു, ഞാൻ നിന്നെ ഖുർആൻ ഓതിക്കേൾപിക്കണമെന്ന് അല്ലാഹു എന്നോടു പറഞ്ഞു. ഹദ്റത്ത് ഉബയ് ബിൻ കഅ്ബ് അത്ഭുതത്തോടെ ചോദിച്ചു. സർവലോകത്തിന്റേയും അധിപനായ അല്ലാഹു എന്നെ ഖുർആൻ ഓതിക്കേൾപിക്കാൻ എന്റെ പേരെടുത്ത് പറഞ്ഞുവോ? നബി(സ)തിരുമേനി പറഞ്ഞു: അതെ! നിന്റെ പേരെടുത്ത് പറഞ്ഞു. അപ്പോൾ ഉബയ് ബിൻ കഅ്ബ് വികാരാവേശംകൊണ്ട് കരയാൻ തുടങ്ങി. നബി(സ) തിരുമേനി അദ്ദേഹത്തെ ലം യക്കുനില്ലദീന കഫ്റൂ എന്ന സൂറത്ത് ഓതിക്കേൾപ്പിച്ചു; അതായത് സൂറത്തുൽ ബയ്യിന.'(സ്വഹീഹുൽബുഖാരി കിതാബുത്തഫ്സീർ ഹദീഥ് 4960–4961)

ഒരിക്കൽ ആരോ ഉബയ് ബിൻ കഅ്ബിനോട് ചോദിച്ചു: താങ്കൾ ഇക്കാര്യം കേട്ട് വളരെ സന്തോഷിച്ചിട്ടുണ്ടാകും. അപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ ഫള്ലുകളും റഹ്മത്തുകളും കണ്ടും സ്മരിച്ചും സന്തോഷിക്കുക. അപ്പോൾപിന്നെ ഞാനെന്തിന് സന്തോഷിക്കാതിരിക്കണം.'(അസദുൽഗാബ തർജമ വാല്യം 1 പേജ് 111)

ഹദ്റത്ത് ഉബയ് ബിൻ കഅ്ബിന് ധാരാളം ഖുർആനിക ജ്ഞാനങ്ങളുമുണ്ടായിരുന്നു. ഒരു അവസരത്തിൽ നബി(സ)തിരുമേനി അദ്ദേഹത്തോടു ചോദിച്ചു: (ഇത് രണ്ടുമൂന്നു ആഴ്ച മുമ്പേ ഒരു ഖുത്ബ യിലും ഞാൻ വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്). ഏറ്റവും മഹത്തായതെന്ന് പറയാവുന്ന വിശുദ്ധ ഖുർആനിലെ വചനമേതാണ്? അദ്ദേഹം ആദ്യം പറഞ്ഞത് അല്ലാഹുവും അവന്റെ റസൂലും ഏറ്റവും കൂടുതൽ അറിയുന്നുവെന്നാണ്. പിന്നീട് നബി(സ)തിരുമേനി നിർബന്ധിച്ചപ്പോൾ പറഞ്ഞു, ഈ ആയത്തുൽ കുർസിയെയാണ് ഏറ്റവും മഹത്തരമെന്ന് പറയേണ്ടുന്നത്. ആയത്തുൽ കുർസിയെ കുറിച്ച് പറഞ്ഞപ്പോൾ ഞാൻ ഈയൊരു നിവേദനവും കേൾപിച്ചിരുന്നു. അതുകേട്ട് നബി(സ)തിരുമേനി വലിയ സന്തോഷം പ്രകടിപ്പിക്കുകയുണ്ടായി. പറഞ്ഞു: ഏ ഉബയ്യ്! അല്ലാഹു നിന്റെ അറിവ് അനുഗൃഗീതമാക്കട്ടെ. യഥാർഥത്തിൽ ആയത്തുൽ കുർസി തന്നെയാണ് വിശുദ്ധ ഖുർആനിലെ മഹത്തായ വചനം.'(സുനൻ അബൂദാവൂദ് കിതാബുൽ വിത്ർ, ഹദീഥ് 1460)

നബി(സ)തിരുമേനി താൻ വഫാത്തായ വർഷം ഇദ്ദേഹത്തോടൊപ്പം ഖുർആൻ ഖത്തം ചെയ്തതായും ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. (കൻസുൽ ഉമ്മാൽ വാല്യം 13 പേജ് 266 ഹദീഥ് 36779)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അഭിവൃദ്ധി ഘട്ടംഘട്ടമായിട്ടാണുണ്ടാകുന്നത്. അതുകൊണ്ട് സ്വഹാബത്തിന്റെ അഭിവൃദ്ധിയും ഘട്ടംഘട്ടമായിട്ടാണുണ്ടായത്.' അവിടന്ന് പറയുന്നു: അവിടന്ന് സ്വഹാബാക്കളെ നോക്കി അവരെല്ലാവരും പൂർണമായ അഭിവൃദ്ധികളിൽ എത്തിയിരുന്നെങ്കിൽ ആഗ്രഹിച്ചിരുന്നു. പക്ഷേ, ഈ ഉയർച്ച ഒരു നേരത്തേക്ക് വിധിക്കപ്പെട്ടതായിരുന്നു.'(അതായത് ഘട്ടമായുണ്ടാകുന്നതാണ്). 'അവസാനം ലോകം ഒരിക്കലും പ്രാപിക്കാത്തത് സ്വഹാബാക്കൾ പ്രാപിച്ചു. ആരും കാണാത്തത് അവർ കണ്ടു.'(മൽഫൂദാത്ത് വാല്യം 2 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ആദരണീയരായ സ്വഹാബാക്കളുടെ കാലഘട്ടത്തെ നോക്കുകയാണെങ്കിൽ അവർ വളരെ നിഷ്ക്കളങ്കരായിരുന്നുവെന്ന് മനസ്സിലാകുന്നു. ഒരു പാത്രം ഈയംപൂശി വെടിപ്പാക്കുന്നതുപോലെ! അപ്രകാരംതന്നെയായിരുന്നു അവരുടെ മനസ്സുകളും. അത് ദൈവഗ്രന്ഥത്തിന്റെ പ്രകാശങ്ങളിൽ പ്രശോഭിതവും മാനസികമായ മാലിന്യങ്ങളുടെ തുരുമ്പിൽനിന്ന് തികച്ചും പരിശുദ്ധവുമായിരുന്നു. ഖദ് അഫ്ലഹ മൻ സക്കാഹാ എന്നതിന്റെ സത്യസന്ധരായ പ്രതിഭകളായിരുന്നു.'(മൽഫൂദാത്ത് വാല്യം 6 പേജ് 15, 1985 ലണ്ടൻ പതിപ്പ്)

വീണ്ടും അവിടന്ന് പറയുന്നു: 'സ്വഹാബത്ത് എത്രമാത്രം സത്യസന്ധത കാണിച്ചുവെന്നാൽ, അവർ കേവലം ബിംബാരാധനയിൽനിന്നും സൃഷ്ടിപൂജയിൽനിന്നും മുഖം തിരിക്കുക മാത്രമല്ല ചെയ്തത്, മറിച്ച് അവരുടെ ഉള്ളിൽനിന്ന് ഭൗതികാഗ്രഹംതന്നെ മാഞ്ഞുപോയി; അവർ അല്ലാഹുവിനെ കാണാൻ തുടങ്ങി. അവർ അങ്ങേയറ്റം ഗൗരവത്തോടെ അല്ലാഹുവിന്റെ വഴിയിൽ എത്രമാത്രം വിലയംപ്രാപിച്ചവരായിരുന്നുവെന്നാൽ, അവരിലോരോരുത്തരും ഇബ്റാഹീമായിരുന്നു.'(മൽഫൂദാത്ത് വാല്യം 6 പേജ് 137, 1985 ലണ്ടൻ പതിപ്പ്) വീണ്ടും അവിടന്ന് പറഞ്ഞു: 'നബി(സ) തിരുമേനി ഒരു ശരീരംപോലെയായിരുന്നു. അവിടത്തെ സ്വഹാബക്കൾ അവിടത്തെ അവയവങ്ങളും.'(മൽഫൂദാത്ത് വാല്യം 6 പേജ് 279, 1985 ലണ്ടൻ പതിപ്പ്)

അല്ലാഹു നമുക്ക് ശരിയായ നിലയിൽ സ്വഹാബത്തിന്റെ സ്ഥാനത്തെ തിരിച്ചറിയാൻ തൗഫീഖ് നല്കുമാറാകട്ടെ. അവരുടെ മാതൃകകളിലൂടെ നടന്നുകൊണ്ട് നമ്മുടെ ആത്മാർഥതയേയും കൂറിനേയും വർധിപ്പിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

( പേജ് 1ൽനിന്ന്)

നിറഞ്ഞിരിക്കുന്നു. എന്നാൽ, കഷ്ടം! നമ്മുടെ എതിരാളികൾക്ക് ഈ സ്വച്ഛമായ ജലത്തിൽനിന്ന് ഒരു തുള്ളിപോലും കിട്ടിയില്ല. ഈ ദൗർഭാഗ്യത അളക്കാൻ പറ്റുന്നതല്ല.

എന്റെ അടയാളം പ്രത്യക്ഷപ്പെട്ടിട്ടില്ലാത്ത ഒരു ജനതയുമില്ല. എന്റെ അടയാളത്തിന് സാക്ഷിയായിട്ടില്ലാത്ത ഒരു കക്ഷിയുമില്ല. ഈ അടയാളങ്ങൾക്ക്10 കോടി സാക്ഷികളുണ്ടെന്ന് പറഞ്ഞാലും അത് അതിശയോക്തിയാകുകയില്ല. എന്നാൽ, എതിരാളികളുടെ അവസ്ഥ കാണുമ്പോൾ കരച്ചിൽവരുന്നു. അവർ ഒരു ഫലവുമെടുത്തില്ല. ഈ അടയാളങ്ങൾ ഹദ്റത്ത് ഈസബ്നു മർയമിന്റെ കാലത്തുള്ള യഹൂദികൾക്ക് കാണിക്കപ്പെട്ടിരുന്നെങ്കിൽ അവർ ളുരിബത്ത് അലയ്മുദ്ദില്ലത്തു(അവരുടെമേൽ ഹീനത്വം മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു–3:113) എന്നതിന്റെ സാക്ഷാത്കാരം ആകുമായിരുന്നില്ല. ലൂഥിന്റെ ജനത ഈ അടയാളങ്ങൾ കണ്ടിരുന്നെങ്കിൽ ഭയങ്കരമായ ഭൂകമ്പത്താൽ മണ്ണിന്നടിയിൽ അമർന്നു മരിക്കുമായിരുന്നില്ല. എന്നാൽ, പാറയേക്കാൾ കടുത്ത ഈ മനസ്സുകളുടെമേൽ, അഹോ കഷ്ടം! എല്ലാ അന്ധകാരങ്ങളെക്കാളും അവരുടെ ഹൃദയത്തിന്റെ ഇരുട്ട് വർധിച്ചിരിക്കുന്നു. വാസ്തവമെന്താണെന്നാൽ, എല്ലാ ഓരോ ഭൗതികമായ സാധനസാമഗ്രികളിലും കാലം അഭിവൃദ്ധിപ്പെട്ടു. അപ്രകാരംതന്നെ അവിശ്വാസവും വിശ്വാസവഞ്ചനയും അഭിവൃദ്ധിപ്പെട്ടു. അഭിവൃദ്ധിപ്പെട്ട ഈ സത്യനിഷേധം ആഗ്രഹിക്കുന്നത് എന്തെങ്കിലും നിസ്സാരമായ ശിക്ഷ അവരിലിറങ്ങണമെന്നല്ല; പ്രത്യുത ലോകത്ത് ഇന്നുവരെ ഒരിക്കലും ഇറങ്ങിയിട്ടില്ലാത്ത ഭൂകമ്പത്തിന്റെ ശിക്ഷ അവരിൽ ഇറങ്ങണമെന്നാണ്. എന്തായാലും നാം അല്ലാഹുവിന് ആയിരമായിരം നന്ദി പറയുന്നു. ഏതൊരു വെളിച്ചത്തെയാണോ എതിരാളികൾ സ്വീകരിക്കാതെ അന്ധരായിരുന്നത് ആ വെളിച്ചംതന്നെ നമ്മുടെ ഉൾക്കാഴ്ചയ്ക്കും ജ്ഞാന വർധനവിനും നിമിത്തമായി. **(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനി ഖസായിൻ, വാല്യം–22, പേജ് 322)**

## അടിയന്തര സർക്കുലർ

കടലാസിന്റെ വിലയും അച്ചടിയും പോസ്റ്റിംഗും മറ്റു ചെലവുകളും വർധിച്ച കാരണത്താൽ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുയുടെ അനുവാദത്തോടെ ബദ്ർ വീക്കിലിയുടെ വാർഷിക വരിസംഖ്യയിൽ വർധന വരുത്താൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. പുതുക്കിയ വരിസംഖ്യ 500 രൂപയായിരിക്കുമെന്ന് അറിയിക്കുന്നു. 2018 ഏപ്രിൽ മാസം മുതൽ പുതുക്കിയ നിരക്കനുസരിച്ച് വരിസംഖ്യ കൊടുക്കാൻ വായനക്കാരോട് അപേക്ഷിക്കുകയാണ്. ഇതനുസരിച്ച് തുടർന്ന് വരിസംഖ്യ പിരിക്കാൻ ബദ്ർ പ്രതിനിധികളോടും അപേക്ഷിക്കുന്നു.

**(മാനേജർ ബദ്ർ വീക്കിലി, ഖാദിയാൻ)**

## കലാമുൽ ഇമാം:–

**"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തു കൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 96).**

**ത്വാലിബെ ദുആ:**
**റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

## കലാമുൽ ഇമാം:–

**"ആരെയണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 104)**

**ത്വാലിബെ ദുആ:**
**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

( പേജ് 2ൽനിന്ന്)

ഹിബയും ഉണ്ടായിരുന്നു. അവരുടെ യഥാർഥ ബന്ധം ഗയാന(Guyana)യുമായിട്ടാണ്. അവർ രണ്ടുപേരും സുന്നി മുസ്‌ലിംകളാണ്. അവർ തങ്ങളുടെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'എല്ലാ പ്രവർത്തകരും ഞങ്ങളുടെ എല്ലാ ആവശ്യങ്ങളും പൂർത്തിയാക്കുന്നതിനുവേണ്ടി കഠിനപ്രയത്നം ചെയ്തു. അനഹ്‌മദി എന്ന നിലയിൽ ഞങ്ങൾ പറയും, ഈ ജൽസയുടെ അനുഭവം ഞങ്ങളുടെ മുഴുവൻ ജീവിതത്തിലും പ്രതിഫലിക്കുന്നതാണ്. എല്ലായിടത്തും പ്രീതിയും സ്നേഹവും ഐക്യവുമായിരുന്നു. ഖലീഫയുടെ പ്രഭാഷണങ്ങൾ കേട്ടതോടെ ഞങ്ങളുടെ ആത്മീയതയിൽ അഭിവൃദ്ധിയുണ്ടായി. ആഗോള ബയ്അത്തിന്റെ പരിപാടി കണ്ടതും അതിന്റെ അനുഭവവും വിവരണാതീതമാണ്.

'കാലത്തിന്റെ ഖലീഫയുടെ സാന്നിധ്യം ഈ യാത്രയുടെ ഏറ്റവും പ്രധാനപ്പെട്ട കാര്യമായിരുന്നു. അദ്ദേഹവുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം ഞങ്ങൾക്കൊരു സമാധാനം കിട്ടി. ഞങ്ങൾ വീണ്ടും ഖലീഫയെ കാണാൻ ആഗ്രഹിക്കുന്നു. ജൽസയുടെ വിജയത്തിൽ പ്രധാന പ്രവർത്തനങ്ങൾ കാഴ്ചവെച്ച നിങ്ങൾക്ക് ഞങ്ങൾ നന്ദിപറയാൻ ആഗ്രഹിക്കുന്നു.'

അമേരിക്കൻസംഘത്തിന്റെ ഹുദൂറുമായുള്ള കൂടിക്കാഴ്ച 2.10വരെ നീണ്ടുനിന്നു. അവസാനം സംഘാംഗങ്ങൾ ഹുദൂറുമൊത്ത് ഫോട്ടോയെടുത്തു.

## ഹംഗറി(Hungary)സംഘവുമായുള്ള കൂടിക്കാഴ്ച:

അതിനുശേഷം ഹുദൂർ തന്റെ ഓഫീസിൽ ആഗതരായി. അവിടെ ഹംഗറിയിൽനിന്നു വന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അവർ രണ്ടുപേരായിരുന്നു. അവരിലൊരാൾ പ്രൊട്ടസ്റ്റന്റ് ചർച്ചിന്റെ പാതിരി Gabar Tamas സാഹിബായിരുന്നു. രണ്ടാമത്തെ അതിഥി Helga Somogy സാഹിബയായിരുന്നു. അവർ റെഡ്ക്രോസിന്റെ ഡയരക്ടറുടെ പ്രതിനിധി എന്ന നിലയിലാണ് പങ്കെടുത്തത്.

• ഈ രണ്ട് അതിഥിയും ഹുദൂർ ചോദിച്ചപ്പോൾ പറഞ്ഞു: 'ജൽസ സാലാനയുടെ പരിപാടികളും ഏർപ്പാടുകളും വളരെ നല്ലതായിരുന്നു. ഞങ്ങൾ ജൽസ വളരെയധികം ആസ്വദിച്ചു.' അപ്പോൾ ഹുദൂർ പറഞ്ഞു: 'ഈ എല്ലാ ഏർപ്പാടുകളും താൽക്കാലികമായിരുന്നു. ഒരു ഫീൽഡിൽ താൽക്കാലികമായ ഒരു ഗ്രാമം ഉണ്ടാക്കുകയായിരുന്നു. ഈ ജൽസയ്ക്ക് കുറച്ചു ദിവസം കഴിഞ്ഞ് അവിടെപോയാൽ നിങ്ങൾക്കവിടെ വെറും ഫീൽഡ് മാത്രമേ കാണാൻ കഴിയുകയുള്ളൂ. നിങ്ങൾ ജർമനി ജൽസയിൽ പങ്കെടുക്കാറുണ്ട്. അവിടെ വിശാലവും വിസ്തൃതവുമായ മച്ചിന്റെ കീഴിലാണ് എല്ലാ പരിപാടികളും നടക്കുന്നത്. എന്നാൽ, ഇവിടെ എല്ലാ ഏർപ്പാടുകളും താല്ക്കാലികമായി ചെയ്യേണ്ടിവരുന്നു.'

• പ്രൊട്ടസ്റ്റന്റ് ചർച്ചിന്റെ പാതിരി Gabar Tamas സാഹിബ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഞാൻ ക്രിസ്ത്യാനിയാണ്; നിങ്ങൾ മുസ്‌ലിംകളും. പക്ഷേ, നിങ്ങളെ കണ്ട് എനിക്കൊരു വിശ്വാസപരമായ ശക്തി ലഭിച്ചിരിക്കുന്നു. എന്റെ ആരോഗ്യവും നന്നായിരിക്കുന്നു.' അദ്ദേഹം പറഞ്ഞു: 'കാലാവസ്ഥ മോശമായിരുന്നെങ്കിലും ജമാഅത്തിന്റെ ആരേയും അത് ബാധിച്ചില്ല. എന്നല്ല, എല്ലാ ഓരോരുത്തരേയും ആദ്യത്തേക്കാളുപരി സന്തോഷത്തോടും ആവേശത്തോടും മന്ദസ്മിതമായ മുഖത്തോടും കൂടിയാണ് കണ്ടിരുന്നത്. എന്നെ സംബന്ധിച്ചിടത്തോളം ഇതൊരു അത്ഭുതകരമായൊരു കാഴ്ചയായിരുന്നു. ജൽസയുടെ അന്തരീക്ഷം വളരെ ആത്മീയമായിരുന്നു. ജൽസയുടെ പ്രവർത്തകരിലും സേവകരിലും എന്തൊരു ആത്മീയമായ ശക്തിയാണുണ്ടായിരുന്നത്. അത് എല്ലാ സമയത്തും അവരെ ഈ ബുദ്ധിമുട്ടിനെ സന്തോഷത്തോടെ സഹിക്കാനും ആസ്വദിക്കാനും തങ്ങളുടെ ചുമതലയിൽ ഉറച്ചുനില്ക്കാനും തയ്യാറാക്കിക്കൊണ്ടിരുന്നു. തീർച്ചയായും ഈ ലോകത്ത് അഹ്‌മദിയ്യാ ജമാഅത്തിലല്ലാതെ മറ്റെങ്ങും ലഭിക്കാത്ത ആത്മീയമായ ശക്തിയായിരുന്നു അത്.' അദ്ദേഹം പറഞ്ഞു: 'ഹുദൂറുമായി ധാരാളം ആളുകൾ കൂടിക്കാഴ്ച നടത്തി. മുഴുലോകത്തുനിന്നും സംഘങ്ങളും അതിഥികളും വന്നു. എന്നാൽ, ഹുദൂർ എന്നെ തിരിച്ചറിഞ്ഞു. ഹുദൂറിന്റെ മഹത്ത്വം അളക്കാൻ സാധ്യമല്ല. ഹുദൂറുമായി കൂടിക്കാഴ്ച നടത്തുമ്പോൾ ഒരു സ്നേഹവും പ്രീതിയും ആത്മീയമായ ശക്തിയും പ്രദാനം ചെയ്യപ്പെടുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഹുദൂറുമായുള്ള കൂടിക്കാഴ്ച വിവരണാതീതമായ അനുഭവമായിരുന്നു. ഹുദൂറിന്റെ പ്രഭാഷണങ്ങൾ വർത്തമാനകാലത്തെ പ്രശ്നങ്ങൾക്കുള്ള ഉദാത്തമായ പരിഹാരമാണ്.'

• Helga Somogy സാഹിബ തന്റെ അഭിപ്രായം പ്രകടിപ്പിച്ചതിങ്ങനെയാണ്: 'ഞാൻ ആദ്യമായാണ് ഒരു ജമാഅത്തുപരമായ പരിപാടിയിൽ പങ്കെടുക്കുന്നത്. പുരുഷന്മാരുടെ പന്തലിലൂടെ നടന്നുനീങ്ങുമ്പോൾ ആയിരക്കണക്കിനാളുകളുടെ ഇടയിൽ എന്തായിരിക്കുമെന്നോർത്ത് വല്ലാതെ തോന്നിയിരുന്നു; എന്നോടു എങ്ങനെയാണ് പെരുമാറുക. എന്നാൽ, കുറച്ചുസമയം കൊണ്ട് ആ സമ്മർദ്ദം അവസാനിച്ചു. തള്ളുക എന്നത് പോയിട്ട് ആരും വിരൽപോലും സ്പർശിച്ചില്ല. ആദരവോടും ബഹുമാനത്തോടും കൂടി സ്ഥലം ഒഴിഞ്ഞുതന്നു.'

• ഭക്ഷണവിതരണ പന്തലിൽ വിവിധ രാജ്യങ്ങളിൽനിന്നുള്ള വിവിധ വർഗ വർണ്ണ അതിഥികൾ ഒരു സ്ഥലത്ത് കണ്ടപ്പോൾ പറഞ്ഞു: 'ഇതൊരു അത്ഭുതലോകമാണ്. മുൻപരിചയമുള്ളതുപോലെയാണ് ഓരോരുത്തരും പരസ്പരം പെരുമാറിയിരുന്നത്. വാസ്തവത്തിൽ വെവ്വേറെ വർഗക്കാരും വർണക്കാരുമാണ്; വിവിധ രാജ്യക്കാരാണ്. ഞാൻ ഇങ്ങനെയൊരു ദൃശ്യം ഇതിനുമുമ്പേ ഒരിക്കലും കണ്ടിട്ടില്ല; കേട്ടിട്ടുമില്ല. ഈ അത്ഭുതകരമായ അവസ്ഥ വിവരിക്കുന്നതിന് എന്റെ പക്കൽ വാക്കുകളില്ല.'

• Helga Somogy സാഹിബ പറയുന്നു: 'റെഡ്ക്രോസിന്റെ വർക്കർ എന്ന നിലയിൽ എന്തെങ്കിലും പരിപാടി arrange ചെയ്യുക എന്നത് എത്രമാത്രം ബുദ്ധിമുട്ടാണെന്ന് എനിക്കറിയാം. സന്നദ്ധസേവകരെതന്നെ കിട്ടാറില്ല. പക്ഷേ, ഇവിടെ കുട്ടികളും വൃദ്ധരും യുവാക്കളും സന്തോഷത്തോടെ സേവനം ചെയ്തുകൊണ്ടിരിക്കുന്നു; അവർക്കെന്തോ ആത്മീയാനന്ദം ലഭിച്ചുകൊണ്ടിരിക്കുന്നതുപോലെ! ലോകത്തും ഈ ദൃശ്യം വേറെങ്ങും കാണാൻ കഴിയുകയില്ല.'

ഹംഗറി സംഘവുമായുള്ള ഹുദൂറിന്റെ ഈ കൂടിക്കാഴ്ച 2.20 വരെ നീണ്ടുനിന്നു. സംഘാംഗങ്ങൾ ഹുദൂറുമൊത്ത് ഫോട്ടോയെടുക്കാനുള്ള ഭാഗ്യവും കരസ്ഥമാക്കി.

## ദക്ഷിണ കൊറിയൻ(South Korea) സംഘവുമായുള്ള കൂടിക്കാഴ്ച:-

അതിനുശേഷം ദക്ഷിണകൊറിയയിൽ നിന്നു വന്ന അതിഥി Mr.Yeongjin Shin സാഹിബ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അദ്ദേഹം അധ്യാപകനാണ്. ഇസ്‌ലാമിനെ കുറിച്ച് കൂടുതൽ പഠിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം പറഞ്ഞു :'ഞാൻ ജൽസസാലാനയുടെ പരിപാടികളിൽനിന്നും ഹുദൂറിന്റെ പ്രഭാഷണങ്ങളിൽനിന്നും ധാരാളം പഠിച്ചു. ഇസ്‌ലാമിനെകുറിച്ച് എനിക്ക് അറിവുകൾ കിട്ടി. എന്റെ അറിവിന് അപാരമായ വർധന ഉണ്ടായി. ഇതിനുമുമ്പേ ഇതിനെക്കുറിച്ച് ഒന്നും അറിയുമായിരുന്നില്ല. ഇസ്‌ലാം ശാന്തിയുടേയും സമാധാനത്തിന്റേയും മതമാണെന്ന് എനിക്കറിയാൻ കഴിഞ്ഞു. അതിന് ഭീകരപ്രവർത്തനവുമായി ഒരു ബന്ധവുമില്ല. ജൽസയുടെ ഏർപ്പാടുകളെല്ലാം വളരെ നന്നായിരുന്നു. മഴയുണ്ടായിട്ടും സേവനം ചെയ്യുന്ന പ്രവർത്തകർ എല്ലാ ജോലിയും ഭംഗിയായി നിറവേറ്റി. ഒരു തടസ്സവുമുണ്ടായില്ല.'

ഈ കൂടിക്കാഴ്ച 2.25 വരെയായിരുന്നു. ഹുദൂറുമൊത്ത് അദ്ദേഹം ഫോട്ടോയുമെടുത്തു.

## വ്യക്തിപരവും കുടുംബപരവുമായ കൂടിക്കാഴ്ച:

പരിപാടിയനുസരിച്ച് ഇന്ന് വൈകുന്നേരം 5.15ന് വിവിധ രാജ്യങ്ങളിൽനിന്നുവന്ന ജമാഅത്തംഗങ്ങളും കുടുംബങ്ങളും ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ തുടങ്ങി. 37 കുടുംബങ്ങളിൽനിന്നുള്ള 185 അംഗങ്ങളും ഇതിനു പുറമെ വ്യക്തിപരമായ ജമാഅത്തംഗങ്ങളുമാണ് കൂടിക്കാഴ്ചയ്ക്കുള്ള സൗഭാഗ്യം കരസ്ഥമാക്കിയത്. ഇപ്രകാരം മൊത്തം 216 അംഗങ്ങൾ കൂടിക്കാഴ്ച നടത്തി.

കൂടിക്കാഴ്ചയ്ക്കെത്തിയ ഈ കുടുംബങ്ങൾ 24 രാജ്യങ്ങളിൽനിന്ന് വന്നവരായിരുന്നു. പാക്കിസ്താൻ, അമേരിക്ക, ബുർക്കിനാ ഫാസോ (Burkina Faso), നൈജർ(Niger), ഗാംബിയാ (Gambia), കനഡ, ഹോൺഡുറാസ് (Honduras), ഹെയ്റ്റി.(Haiti), സൗദി അറേബ്യ, സ്വിറ്റ്സർലാന്റ്, ബെൽജിയം, ഓസ്ട്രിയ, ഇന്തൊനീഷ്യ(Indonesia), ഘാന, ബഹ്റൈൻ, നോർവെ, ദുബായ്, ഫിജി, യുഗാണ്ട(Uganda), നൈജീരിയ, അബൂദാബി, യു.കെ, ഇന്ത്യ, ഷാർജ.

ഇവരിലോരോരുത്തരും തങ്ങളുടെ ഇമാമുമായി ഫോട്ടോ എടുക്കാനുള്ള ഭാഗ്യം കരസ്ഥമാക്കി. ഹുദൂർ വിദ്യാർഥി-വിദ്യാർഥിനികൾക്ക് പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി.

കൂടിക്കാഴ്ചയുടെ ഈ പ്രോഗ്രാം വൈകുന്നേരം 8.45വരെ നീണ്ടുനിന്നു. അതിനുശേഷം ഹുദൂർ മസ്ജിദ് ഫള്ലിൽവന്നു. മഗ്‌രിബ്, ഇശാ നമസ്കരിപ്പിച്ചു.

## 2017 ആഗസ്ത് 1 (ചൊവ്വാഴ്ച):

ഇന്ന് പരിപാടിയനുസരിച്ച് ബംഗ്ലാദേശ്, ഇന്തൊനീഷ്യ(Indonesia), ന്യൂസിലാന്റ്, ബുർക്കിനാ ഫാസോ (Burkina Faso), ഗ്വാട്ടിമാല (Guatemala), മോസ്കോ (റഷ്യ), സിയറ ലിയോൺ (Sierra Leone), മഡഗാസ്കർ (Madagascar), ലൈബീരിയ, കാമറോൺ, ഹോൺഡുറാസ് (Honduras), ഗയാന(Guyana) തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള സംഘങ്ങൾ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

## ബംഗ്ലാദേശ് സംഘവുമായി കൂടിക്കാഴ്ച:

കൂടിക്കാഴ്ചയുടെ ഈ പരിപാടി രാവിലെ 10.30ന് ആരംഭിച്ചു. ഏറ്റവുമാദ്യം ബംഗ്ലാദേശിൽനിന്ന് വന്ന സംഘമാണ് കൂടിക്കാഴ്ച നടത്തിയത്. ബംഗ്ലാദേശിൽനിന്നു വന്ന സംഘത്തിൽ ബംഗ്ലാദേശ് അമീർ സാഹിബ്, ബംഗ്ലാദേശ് സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യ, ബംഗ്ലാദേശ് ജമാഅത്ത് നാഷണൽ തഅ്‌ലിം സെക്രട്ടറി എന്നിവരുണ്ടായിരുന്നു.

സംഘാംഗങ്ങൾ ഹുദൂറിന്റെ സന്നിധിയിൽ ബംഗ്ലാദേശ് ജാമിഅ അഹ്‌മദിയ്യായുടെ പ്ലാൻ അവതരിപ്പിച്ച് നിർദ്ദേശങ്ങൾ നേടി. ബംഗ്ലാദേശ് ജാമിഅ അഹ്‌മദിയ്യായുടെ പുതിയ കെട്ടിടം വടക്കൻ ബംഗ്ലാദേശിലെ അഹ്‌മദ് നഗരിൽ നിർമിക്കാനാണ് പരിപാടി. ഹുദൂർ പറഞ്ഞു: കെട്ടിടം നിർമിക്കുമ്പോൾ വിവിധതരത്തിൽ ബാഹ്യാകൃതിയി ൽ നിർമിക്കേണ്ടതാണ്. ബംഗ്ലാദേശ് അമീർ

സാഹിബ് ജമാഅത്തുപരവും സംഘടനാപരവുമായ വിവിധ കാര്യങ്ങൾ ഹുദൂറിന്റെ സന്നിധിയിൽ അവതരിപ്പിച്ച് നിർദ്ദേശം കരസ്ഥമാക്കി. സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ബംഗ്ലാദേശിനോടു ഹുദൂർ പറഞ്ഞു: 'നിങ്ങളുടെ ഖുദ്ദാമിനെ ആക്ടീവാക്കുക. അവരെ വിവിധ ജോലികളിൽ ഇൻവോൾവ് ചെയ്യുക.'

ബംഗ്ലാദേശ് സംഘത്തിന്റെ ഈ കൂടിക്കാഴ്ച 10.45വരെയായിരുന്നു. അവസാനം സംഘാംഗങ്ങൾ ഹുദൂറുമൊത്ത് ഫോട്ടോയെടുത്തു.

### ഇന്തൊനീഷ്യ(Indonesia)ൻ സംഘവുമായുള്ള കൂടിക്കാഴ്ച:

അതുകഴിഞ്ഞ് ഹുദൂർ മഹ്മൂദ് ഹാളിൽ വന്നു. ഇവിടെയാണ് ഇന്തൊനീഷ്യയിൽനിന്നു വന്ന പ്രതിനിധികളുടെ കൂടിക്കാഴ്ച ഒരുക്കിയിരുന്നത്. ഇന്തൊനീഷ്യയിൽനിന്ന് ഈ വർഷം സ്ത്രീകളും പുരുഷന്മാരും ഉൾപ്പെട്ട 102 പ്രതിനിധികൾ പങ്കെടുത്തിരുന്നു.

ഹുദൂർ സംഘാംഗങ്ങളോടു ജൽസയെക്കുറിച്ച് അന്വേഷിച്ചു. നിങ്ങൾക്ക് ജൽസ എങ്ങനെ തോന്നി? അപ്പോൾ സംഘാംഗങ്ങളിൽ ഭൂരിഭാഗമായിരുന്ന സ്ത്രീകൾ പറഞ്ഞു: 'ഞങ്ങളുടെ ഇവടെത്തെ ആദ്യ ജൽസസാലാനയാണിത്. അതിൽ ഞങ്ങൾ പങ്കെടുത്തു. ഞങ്ങളുടെ ഈമാനിലും ആത്മീയതയിലും വർധനയുണ്ടായി. ജൽസയുടെ എല്ലാ ഒരുക്കങ്ങളും ഞങ്ങളെ ആകർഷിച്ചു. വൻജനാവലിയായിരുന്നു. എല്ലാ പ്രവർത്തനങ്ങളും നിശബ്ദമായി നടന്നുകൊണ്ടിരുന്നു. ഈ ജൽസ ഞങ്ങൾക്ക് മറക്കാനാവാത്ത ജൽസയാണ്.'

ഹുദൂർ പറഞ്ഞു: 'ജൽസയുടെ ദിനങ്ങളിൽ നിങ്ങൾ പന്തലിലാണോ താമസിച്ചിരുന്നത്? നിങ്ങൾക്ക് ഒരു വലിയ മറ്ലിഗ്ഗ്യേല ആയിരുന്നു. ഇപ്പോൾ ജൽസയ്ക്കുശേഷം നിങ്ങൾ ബയ്ത്തുൽഫുതൂഹിലാണ്. അപ്പോൾ സംഘാംഗങ്ങൾ പറഞ്ഞു: 'ഞങ്ങളെ എല്ലാവിധത്തിലും നല്ലവണ്ണം നോക്കിക്കൊണ്ടിരുന്നു. ഞങ്ങൾ കൂടുതൽ സുരക്ഷിതരായിക്കൊണ്ടിരുന്നു.'

- ഒരു ഇന്തോനേഷ്യൻ ഐടി എഞ്ചിനീയർ സൗദി അറേബ്യയിൽനിന്ന് വന്നിരുന്നു. അദ്ദേഹം അവിടെത്തെ ജമാഅത്തംഗങ്ങളുടെ സലാം പറഞ്ഞു. ഹുദൂർ പറഞ്ഞു: 'താങ്കളുടെ മാശാഅല്ലാഹ് മുഴുവൻ കുടുംബവും വന്നിരിക്കുന്നു.'
- സംഘത്തിലെ അംഗങ്ങൾ ഊഴമനുസരിച്ച് തങ്ങളെ പരിചയപ്പെടുത്തി. ഓരോരുത്തരും ഹുദൂറിന്റെ സന്നിധിയിൽ തങ്ങൾക്ക് വേണ്ടിയും കുടുംബത്തിനുവേണ്ടിയും കുട്ടികൾക്കുവേണ്ടിയും ദുആക്ക് അപേക്ഷിച്ചു.
- ഹുദൂർ സംഘാംഗങ്ങൾക്കു പേനകൾ നല്കി. കുട്ടികൾക്ക് ചോക്ലേറ്റും നല്കി.
- സംഘത്തിലെ എല്ലാ അംഗങ്ങളും, കുടുംബത്തോടൊപ്പം ഫോട്ടോയെടുത്തു.

ഇന്തൊനേഷ്യൻ സംഘത്തിന്റെ ഈ കൂടിക്കാഴ്ച 11.25വരെ നീണ്ടുനിന്നു. തുടർന്ന് ഹുദൂർ ഓഫീസിലേക്ക് പോയി.

### ന്യൂസിലാന്റി(New Zealand)ൽ നിന്നുള്ള സംഘത്തിന്റെ കൂടിക്കാഴ്ച:

അതിനുശേഷം പരിപാടിയനുസരിച്ച് ന്യൂസിലാന്റിൽനിന്നുള്ള, അവിടത്തെ മാവോരി (Maori)ഗോത്രവുമായി ബന്ധംവെക്കുന്ന നവഅഹ്മദി സഹോദരൻ Mathew അബൂബക്കർ സാഹിബും അദ്ദേഹത്തിന്റെ ഭാര്യ Donnalyn Howell സാഹിബയും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അദ്ദേഹം മാവോരിഗോത്രവുമായി ബന്ധം വെക്കുന്ന ആദ്യ അഹ്മദി സുഹൃത്താണ്. ഹുദൂർ 2013ൽ ന്യൂസിലാന്റിൽ പോയപ്പോൾ ഈ മാവോരി ഗോത്രത്തിലെ രാജാവ് Thuheitia Paki,ഹുദൂറിനെ തന്റെ കേന്ദ്രമായ മറാഇയിൽ(Marae) വരവേറ്റിരുന്നു. ഹുദൂറിനെ ആദരിച്ചുകൊണ്ട് സ്വാഗതപരിപാടി സംഘടിപ്പിച്ചിരുന്നു.

ഈ മാവോരി ഗോത്രത്തിലെ ആളുകൾ ന്യൂസിലാന്റിലെ ആദിവാസികളാണ്. അവർ ക്രിസ്ത്വാബ്ദം 13-ാം നൂറ്റാണ്ടിൽ ഓഷ്യാന (Oceania)യിലെ കിഴക്കൻ ഭാഗമായ Polynesia- യിൽനിന്ന് വീടും കുടുംബവും ഉപേക്ഷിച്ച് ന്യൂസിലാന്റിൽ കുടിയേറിപാർത്തവരാണ്. ഇപ്പോൾ അല്ലാഹുവിന്റെ കൃപയാൽ ഈ ഖബീലയിലും അഹ്മദിയ്യത്ത് നടപ്പെട്ടിരിക്കുന്നു. ജൽസയിൽ പങ്കെടുത്ത ഈ ഭാര്യയും ഭർത്താവും അഹ്ദികളാണ്. ഇവർ രണ്ടുപേരും പറഞ്ഞു. ഞങ്ങൾ ജൽസാസാലാന വളരെ ആസ്വദിച്ചു. ഇവിടെത്തെ ജമാഅത്ത് വ്യവസ്ഥിതിയിൽ ഞങ്ങൾ വളരെ ആകർഷിതരാണ്.

ഹുദൂർ പറഞ്ഞു: 'ഇപ്പോൾ നിങ്ങൾ നിങ്ങളെ ജമാഅത്തിന്റെ മിഷണറിമാരായി കരുതുക. മടങ്ങിപ്പോയി മാവോരി ജനങ്ങളെ തബ്‌ലീഗ് ചെയ്യുക.'

ഈ ദമ്പതിമാർ ഹുദൂറിനോടു തങ്ങൾക്ക് മക്കളുണ്ടാകാൻ ദുആക്ക് അപേക്ഷിച്ചു. അവർ പറഞ്ഞു: 'ഞങ്ങൾക്ക് ഇപ്പോൾ കുട്ടികളില്ല.' അപ്പോൾ ഹുദൂർ പറഞ്ഞു: 'അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.'

നവ അഹ്മദി സുഹൃത്ത് Mathew അബൂബക്കർ സാഹിബിന്റെ ഭാര്യ പറഞ്ഞു: 'എനിക്ക് ജൽസയിൽ പങ്കെടുത്തും ഹുദൂറിന്റെ പ്രഭാഷണങ്ങൾ കേട്ടും ജിഹാദിന്റെ യഥാർഥ ഉദ്ദേശ്യം കരുണ, സഹിഷ്ണുത, വാത്സല്യം, അനുകമ്പയാണെന്ന് മനസ്സിലായി. അഹ്മദിയ്യാ ജമാഅത്ത് ഈ ജിഹാദ് എപ്പോഴും തുടർന്നുകൊണ്ടുപോകട്ടെയെന്ന് ഞാൻ ദുആ ചെയ്യുന്നു. ഈ ജൽസമുഖേന ഞങ്ങൾക്ക് മുഴുലോകത്തേയും വിവിധ ജനതകളിലെ സംഘങ്ങളേയും കാണുവാനും അവസരം കിട്ടി.'

ഞങ്ങൾ ഉദ്ദേശിക്കുന്നത് ഈ ബന്ധങ്ങളും അടുപ്പങ്ങളും കൂടുതൽ വർധിപ്പിക്കണമെന്നാണ്. ആഗോള ബയ്അത്തിന്റെ ദൃശ്യം വളരെ അസാധാരണവും മാസ്മരികത നിറഞ്ഞതുമായിരുന്നു. എല്ലാവരും ഒരൊറ്റ ജീവനായിക്കൊണ്ട്, ബയ്അത്ത് പ്രതിജ്ഞ ചെയ്യുകയായിരുന്നു. ഹുദൂറിൽനിന്ന് അനുഗ്രഹങ്ങൾ കരസ്ഥമാക്കുകയായിരുന്നു.

ഈ കൂടിക്കാഴ്ച 11.35നാണ് അവസാനിച്ചത്. ഈ ദമ്പതികൾ ഹുദൂറിനോടൊത്ത് ഫോട്ടോയുമെടുത്തു.

### ബുർക്കിനാ ഫാസോ(Burkina Faso) സംഘവുമായി കൂടിക്കാഴ്ച:

തുടർന്ന് ബുർക്കിനാഫാസോയിൽനിന്നുവന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

- ബുർക്കിനോഫാസോയിൽനിന്ന് മൂന്ന് പേരടങ്ങുന്ന സംഘമാണ് വന്നിരുന്നത്. അവരിലൊരാൾ Zoucomore സാഹിബായിരുന്നു. അദ്ദേഹം മനുഷ്യാവകാശ കമ്മീഷന്റെ പ്രസിഡണ്ടാണ്. അദ്ദേഹം പറഞ്ഞു: 'ബുർക്കിനാഫാസോയിൽ ഗോത്രങ്ങളുടെയും മതത്തിന്റെയും കാര്യങ്ങളിൽ ഒരു പ്രശ്നവും ഉണ്ടാകാതിരിക്കാനാണ് ഞങ്ങൾ പരിശ്രമിക്കുന്നത്.' അപ്പോൾ ഹുദൂർ പറഞ്ഞു: 'അത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരുന്നാൽ നിങ്ങൾ വിജയിക്കുന്നതായിരിക്കും. നിങ്ങളുടെ രാജ്യവും പുരോഗതി പ്രാപിക്കുന്നതായിരിക്കും.' അദ്ദേഹം പറഞ്ഞു:'ഞാൻ ഹുദൂറിന്റെ പ്രഭാഷണം കേട്ടു. ഈ പ്രഭാഷണം ഇന്ന് വളരെ ആവശ്യമാണ്. ഈ നേരത്ത് ലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന അസമാധാനത്തിനും കലഹങ്ങൾക്കും ഒരാൾ മറ്റൊരാളുടെമേൽ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്നതിനുമുള്ള എല്ലാ കാര്യങ്ങൾക്കും പരിഹാരം ഹുദൂറിന്റെ പ്രഭാഷണങ്ങളിലുണ്ട്.

ഹുദൂർ പറഞ്ഞു: 'നമുക്ക് ലോകത്തിന് ശാന്തിയുടേയും സമാധാനത്തിന്റേയും സന്ദേശം കൊടുക്കണം. സമാധാനസ്ഥാപനത്തിന് എല്ലാവിധത്തിലും പരിശ്രമിക്കണം. നമുക്ക് ഭീകരവാദത്തിനും ബലാൽക്കാരത്തിനും അക്രമത്തിനുമെതിരെ ശബ്ദമുയർത്തേണ്ടതുണ്ട്. നമ്മൾ ഈ ശബ്ദം ഉയർത്തിക്കൊണ്ടേയിരിക്കും. വാസ്തവമിതാണ്. ആദ്യം മനുഷ്യത്വമാണ്. മാനുഷികമായ മൂല്യങ്ങളുടെ സ്ഥാപനമാണ്. ഒന്നാമത്തേത് ഈ ശബ്ദം ഉയർന്നുകൊണ്ടിരിക്കുവോളം വിജയമുണ്ടാകുമെന്ന് പ്രതീക്ഷിക്കേണ്ടതാണ്.'

ഹുദൂർ അതിഥികളെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു. നിങ്ങൾ ജൽസയിൽ എന്താണ് കണ്ടത്? അപ്പോൾ അദ്ദേഹം പറഞ്ഞു: വളരെ ആത്മീയത നിറഞ്ഞ അന്തരീക്ഷമായിരുന്നു. മുഴുലോകത്തുമുള്ള ആളുകൾ ഇവിടെ വന്നിരുന്നു. പരസ്പരമുള്ള സ്നേഹവും പ്രീതിയും വളരെ വ്യക്തമായിരുന്നു. പരസ്പരം സഹോദരന്മാരെന്നപോലെയാണ് എല്ലാവരും സന്തോഷത്തോടെ പെരുമാറിയിരുന്നത്. ഞാൻ അതിൽ വളരെ ആകർഷിതനായി.' ഹുദൂർ പറഞ്ഞു: 'ഇനി മടങ്ങിപോയി ജനങ്ങളോടു എങ്ങനെയാണ് അഹ്മദിയ്യാ ജമാഅത്ത് പ്രവർത്തിക്കുന്നതെന്ന് പറയുക. എങ്ങനെയാണ് മാനുഷികമൂല്യങ്ങളും ജനങ്ങളുടെ അവകാശങ്ങളും സ്ഥാപിക്കുന്നതെന്ന് പറയുക. ഈ കടമകൾ എസ്റ്റാബ്ലിഷ് ചെയ്യിക്കുന്നതിനാണ് ശ്രമിക്കുന്നതെന്ന് പറയുക.'

Zoucomore സാഹിബ് തന്റെ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചു: 'ജൽസാസാലാനയിൽ പങ്കെടുക്കാൻ എന്നെ ക്ഷണിച്ചപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. കാരണം ഞാൻ അഹ്മദിയ്യാ ജമാഅത്തിലെ അംഗമല്ല. ഞാൻ മുസൽമാനുമല്ല. എന്നിട്ടും എന്നെ മുസ്‌ലീംകളുടെ സമ്മേളനത്തിലേക്ക് ക്ഷണിക്കുന്നു. ജൽസയിൽ പങ്കെടുത്തപ്പോൾ ഞാൻ കണ്ടത് ജമാഅത്ത് വർഗവർണവ്യത്യാസമൊന്നും കൂടാതെ അതിന്റെ സ്നേഹത്തിന്റെ കരം എല്ലാവർക്കുംവേണ്ടി വിരിച്ചിരിക്കുന്നതാണ്. എല്ലാവരോടും സ്നേഹത്തോടും സന്തോഷത്തോടുംകൂടി പെരുമാറുന്നു. എല്ലാവരേയും ഒരേരീതിയിൽ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. എല്ലാവരേയും നന്നായി നോക്കുന്നു. ഞാൻ ധാരാളം മതനേതാക്കന്മാരുടെ പ്രസംഗങ്ങൾ കേട്ടിട്ടുള്ളതാണ്. അവർ സംസാരിക്കുമ്പോൾ അവർ മാത്രമാണ് സത്യത്തിലുള്ളത് എന്ന രീതിയിലാണ് സംസാരിക്കുന്നത്. ജനങ്ങളുടെ വികാരങ്ങൾകൊണ്ട് കളിക്കുന്നു. പക്ഷേ, ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം വളരെ ശ്രദ്ധയോടെ കേട്ടു. മുഴുവൻ പ്രസംഗത്തിന്റേയും കേന്ദ്രബിന്ദു ലോകത്ത് സമാധാനം സ്ഥാപിതമാകണമെന്നതായിരുന്നു. ലോകം സത്യസന്ധതയോടെ അഹ്മദിയ്യാ ജമഅത്തിന്റെ ഇമാമിന്റെ പ്രസംഗം കേൾക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ ലോകത്ത് ശാന്തിയും സമാധാനവും നിലവിൽ വരുന്നതായിരിക്കും. ലോകത്തിലെ എല്ലാ മത നേതാക്കന്മാരും അഹ്മദിയ്യാ ജമാഅത്തിന്റെ നേതാവിനെപോലെ സന്ദേശം നല്കുകയാണെങ്കിൽ നമുക്ക് ഭീകരവാദത്തേയും അനീതിയേയും പരാജയപ്പെടുത്താൻ കഴിയും.

ബുർക്കിനാഫാസോയിൽനിന്നുള്ള സംഘത്തിന്റെ കൂടിക്കാഴ്ച 11.50 വരെ നടന്നു. അവസാനം സംഘത്തിലുണ്ടായിരുന്നവർ ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു.

**ഗ്വാട്ടിമാല (Guatemala),കോസ്റ്ററിക്ക (Costa Rica)ൻ സംഘങ്ങളുടെ കൂടിക്കാഴ്ച:**

അതിനുശേഷം ഗ്വാട്ടിമാലയിൽനിന്നും കോസ്റ്ററിക്കയിൽനിന്നും വന്ന രണ്ട് പാർലിമെന്റംഗങ്ങളും അവരോടൊപ്പംവന്ന ജർണലിസ്റ്റം സെക്രട്ടറിയും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

ഗ്വാട്ടിമാലയിൽനിന്ന് ഈ വർഷം അവിടെ പാർലമെന്റ് നാഷണൽ അംഗം Mrs Iliana Callas സാഹിബ ജൽസയിൽ പങ്കെടുക്കാൻ എത്തിയിരുന്നു. അവർക്ക് ഗ്വാട്ടിമാല ജമാഅത്തുമായി വളരെ നല്ല ബന്ധങ്ങളാണുള്ളത്. ഗ്വാട്ടിമാലയിൽ ഇപ്പോൾ ഹ്യൂമാനിറ്റി ഫസ്റ്റിന്റെ ഒരു പരിപാടിയനുസരിച്ച് നാസിർ ആശുപത്രിയുടെ നിർമാണം നടന്നുവരികയാണ്. ഇവർ രാജ്യത്തിന്റെ വൈസ്പ്രസിഡണ്ട് Hon Mr Cabrera യെകൊണ്ട് ആശുപത്രി സന്ദർശിപ്പിച്ചിരുന്നു. ഇതുമുഖേന വിവിധ വഴികളിലൂടെ രാജ്യം മുഴുവൻ വാർത്തകൾ പ്രചരിക്കുകയുണ്ടായി.

Mrs Ligia Eleama Falles കോസ്റ്ററിക്കയുടെ പാർലമെന്റംഗമാണ്. അവർ ജൽസയിൽ പങ്കെടുത്തു. കോസ്റ്ററിക്കയുടെ പാർലമെന്റംഗം ങ്ങrs Ligia യുടെ നിയമോപദേശകനായ Mr Dougles Monitero യും അവരോടൊപ്പം വന്നിരുന്നു. അവർക്കുപുറമെ കോസ്റ്ററിക്കയിൽനിന്ന് ഒരു പ്രൊഫസർ Sergio Moya സാഹിബും ജൽസയിൽ പങ്കെടുത്തു. അദ്ദേഹം പല ഗ്രന്ഥങ്ങളുടെയും കർത്താവാണ്. ഇപ്പോൾ ലാത്വീനി അമേരിക്കയിൽ ഇസ്ലാം എന്ന വിഷയത്തിൽ ഒരു ഗ്രന്ഥമെഴുതിക്കൊണ്ടിരിക്കയാണ്. ഇവരെക്കൂടാതെ ഗ്വാട്ടിമാലയിലെ ഏറ്റവും പ്രധാനപ്പെട്ട പത്രമായ Premsa Libreയുടെ ജേർണലിസ്റ്റ് Osear Felipe യും സംഘത്തിലുണ്ടായിരുന്നു.

ഗ്വാട്ടിമാലയിലെ നാഷണൽ പാർലമെന്റംഗം Ilena Calles സാഹിബ പറഞ്ഞു: ഞാൻ ഹുദൂർ അൻവറിന് നന്ദി പറയുകയാണ്; ഗ്വാട്ടിമാലയിൽ ഹ്യൂമാനിറ്റി ഫസ്റ്റ് ഒരു ആശുപത്രിയുടെ നിർമാണത്തിന്റെ പ്രൊജക്ട് ആരംഭിച്ചിരിക്കുന്നു. ഈ ജൽസയിൽ പങ്കെടുത്ത് ഇസ്ലാമിനെ കുറിച്ച് എന്തെല്ലാം തെറ്റായ ധാരണകളാണോ ഞങ്ങൾക്കുണ്ടായിരുന്നത്, ഇസ്ലാമിന്റെ കർമപരമായ സുന്ദര ചിത്രംകണ്ട് അതെല്ലാം അകന്നുപോയിരിക്കുന്നു.

അപ്പോൾ ഹുസൂർ പറഞ്ഞു: 'മുപ്പതിനായിരത്തിലധികമാളുകൾ പങ്കെടുത്തിരുന്നു. ഒരിടത്തും എന്തെങ്കിലും വഴക്കോ കലഹമോ കുഴപ്പമോ ഉണ്ടായിരുന്നില്ല. നാലുഭാഗത്തും സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും അന്തരീക്ഷമായിരുന്നു. ലോകത്ത് ഇത്ര വലിയ ജനക്കൂട്ടത്തിൽ വഴക്കോ കലഹമോ ഇല്ലാതെ പ്രോഗ്രാം നടക്കുന്നത് മറ്റെങ്ങുമുണ്ടാകുകയില്ല.'

അതിഥി പറഞ്ഞു: 'ഇസ്ലാമിൽ സ്ത്രീകളോടുള്ള പെരുമാറ്റത്തെ സംബന്ധിച്ച് ഞാൻ കേട്ടതിൽ തികച്ചും വിപരീതമാണ് ഇവിടെ കണ്ടത്. ഞാൻ സ്ത്രീകളുടെ ഭാഗത്തേക്ക് പോയി. ഞാനെന്നെ വളരെ സമാധാനത്തിൽ കണ്ടു. ഏതൊരു ബഹുമാനമാണോ ഇസ്ലാം സ്ത്രീകൾക്ക് നല്കിയിട്ടുള്ളത് മറ്റൊരുമതവും നല്കിയിട്ടില്ലെന്ന് ഇപ്പോൾ മനസ്സിലായി. ഇസ്ലാമിൽ വളരെയധികം ആദരവാണ് സ്ത്രീകൾക്ക് നല്കപ്പെടുന്നത്. സ്ത്രീകളുടെ പന്തലിൽ വന്നപ്പോൾ ഞങ്ങൾ അവിടെ സമാധാനത്തിലാണ്; സ്വതന്ത്രരാണ് എന്നു കണ്ട് ഞങ്ങൾക്കു വളരെ സന്തോഷം തോന്നി.'

അപ്പോൾ ഹുദൂർ പറഞ്ഞു: 'സ്ത്രീകൾ മുന്നോട്ടു വളരണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്; തങ്ങളുടെ ജോലിയും പരിപാടികളും അവർ സ്വയം നടത്തണം.'

അവർ തന്റെ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചു: 'ജൽസാ സാലാന യു.കെയിൽ പങ്കെടുത്തത് ഒരു അത്ഭുതകരവും വിസ്മയകരവുമായ അനുഭവമായിരുന്നു. ഇസ്ലാംമതത്തേയും അഹ്മദിയ്യാ ജമാഅത്തിനേയും കുറിച്ചുള്ള എന്റെ ചിന്താശക്തികളിൽ വൻമാറ്റമാണുണ്ടായിട്ടുള്ളത്. ഇസ്ലാമിനെ കുറിച്ച് വളരെ തെറ്റായിട്ടുള്ളതും ഭയമുളവാക്കുന്നതുമായ ചിത്രമാണ് മാധ്യമങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. അതായത് ഇസ്ലാം ബലാൽക്കാരത്തിന്റേയും വെറുപ്പിന്റേയും അധ്യാപനംനല്കുന്നുവെന്ന്! പക്ഷേ, ഞങ്ങൾക്ക് ഈ ജൽസയിൽ ഇസ്ലാമിന്റെ യഥാർഥമായ സമാധാനം നിറഞ്ഞ അധ്യാപനങ്ങളുടെ കർമപരമായ ചിത്രമാണ് കാണാൻ അവസരം കിട്ടിയത്. ആഗോള സമാധാനവും പരസ്പര സ്നേഹവും നീതിയും ലോകത്ത് സ്ഥാപിതമാകാൻ അഹ്മദിയ്യാ ജമാഅത്തിന്റെ മോട്ടോ ആയ'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന ഒരുവഴിയേയുള്ളൂ. ആയിരക്കണക്കിന് സന്നദ്ധസേവകർ തങ്ങളുടെ അതിഥികൾക്ക് മാതൃകാപരമായ സേവനം സന്തോഷത്തോടെ ചെയ്തുകൊണ്ടിരുന്നു. ഇത് പ്രകടിപ്പിക്കുന്നത് അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടെ മോട്ടോ ആയ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതനുസരിച്ച് യഥാർഥത്തിൽ പ്രവർത്തിക്കുന്നുവെന്നാണ്."

'ഇസ്ലാം സ്ത്രീക്ക് വളരെയധികം ആദരവിന്റേയും ബഹുമാനത്തിന്റേയും പദവി നല്കുന്നുവെന്ന് ഖലീഫത്തുൽ മസീഹ് തന്റെ പ്രഭാഷണത്തിൽ വ്യക്തമാക്കി. മാതാവിനോടുള്ള ആദരവ് എത്രമാത്രമാണെന്നാൽ, അവരുടെ കാലിനടിയിലാണ് സ്വർഗമുള്ളത്. ഞാൻ പുരുഷന്മാരുടെ പന്തലിനെ അപേക്ഷിച്ച് വനിതകളുടെ ജൽസാഗാഹിലും പന്തലിലും കൂടുതൽ സൗകര്യവും സ്വാതന്ത്ര്യവും അനുഭവിച്ചു. ഇത് ഇസ്ലാമിന്റെ മനോഹരവും സുന്ദരവുമായ അധ്യാപനത്തിന്റെ ഉദാത്തമായ മാതൃകയാണ്. സ്ത്രീയുടെ ആദരവിനും അവളുടെ സംരക്ഷണത്തിനും പൂർണമായ സ്വാതന്ത്ര്യത്തിനും ജാമ്യം നല്കപ്പെടുന്നു. ഇതിനു മുമ്പേ ഇസ്ലാമിനെകുറിച്ച് ധാരാളം തെറ്റായ ധാരണകളും ചിന്തകളും വെച്ചുപുലർത്തിയിരുന്നു. ഈ ജൽസയിൽ പങ്കെടുത്ത്, ഇസ്ലാമിന്റെ സമാധാനഭരിതവും മനോഹരവുമായ അധ്യാപനത്തിന്റെ ചിത്രമെടുത്തുകൊണ്ടാണ് ഞാൻ മടങ്ങിപ്പോകുന്നത്.'

• കോസ്റ്ററിക്കയുടെ പാർലമെന്റംഗത്തിന്റെ നിയമോപദേശകൻ Doglad Momteroso സാഹിബ് പറഞ്ഞു: 'ധാരാളം അതിഥികളുണ്ടായിരുന്നു. എല്ലാവരുടേയും ഭാഷവ്യത്യസ്തമായിരുന്നു. പക്ഷേ, സ്നേഹത്തിന്റെ ഭാഷ എല്ലാവരുടേയും ഒന്നായിരുന്നുവെന്ന് ഞങ്ങൾ കണ്ടു. ഇക്കാര്യം ഞങ്ങളെ വളരെ അത്ഭുതപ്പെടുത്തി. ലോകത്ത് ഒരിടത്തും ഞങ്ങൾ ഇങ്ങനെ കണ്ടിട്ടില്ല. ഹുദൂർ അൻവറിന്റെ പ്രഭാഷണം ഞങ്ങൾക്ക് ആത്മീയമായ നിലയിൽ വളരെ പ്രയോജനപ്പെട്ടു. ആ പ്രഭാഷണങ്ങൾക്കുശേഷം എന്റെ അറിവ് ഒരുപാട് വർധിച്ചു. പ്രത്യേകിച്ചും സമാധാനസ്ഥാപനത്തെ കുറിച്ചുള്ള ഹുദൂർ വിവരിച്ച പാഠങ്ങളനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ മുഴുലോകത്തും സമാധാനം സ്ഥാപിതമാകുന്നതാണ്. പക്ഷേ, ഖേദകരമെന്ന് പറയട്ടെ, നമ്മുടെ രാജ്യങ്ങളിൽ അത്തരം സങ്കല്പങ്ങൾ അസംഭവ്യമാണ്.'

ഹുദൂർ പറഞ്ഞു: 'ദൈവ സൃഷ്ടികളോടു നല്ല ബന്ധമുണ്ടെങ്കിൽ അത് അല്ലാഹുവിനോടു നല്ല ബന്ധമുണ്ടാക്കുന്നതിനുള്ള അടയാളമാണ്.'

• ഒരു അതിഥി പറഞ്ഞു: 'കർമപരമായ നിലയിൽ ഇവിടെ കണ്ട സ്നേഹവും സാഹോദര്യവും മറ്റൊരിടത്തും സങ്കല്പിക്കാൻ സാധിക്കുകയില്ല.' അപ്പോൾ ഹുദൂർ പറഞ്ഞു: 'ഇവിടെ വന്നത് വിവിധ മതക്കാരായ അതിഥികളായിരുന്നു. അവരിൽ ക്രിസ്ത്യാനികളുണ്ടായിരുന്നു, ബുദ്ധമതക്കാരുണ്ടായിരുന്നു, ഹിന്ദുക്കളുമുണ്ടായിരുന്നു. എല്ലാവരും സ്നേഹത്തോടും സന്തോഷത്തോടും കൂടി താമസിച്ചു. മതം മനുഷ്യന്റെ മനസ്സിന്റെ കാര്യമാണ്. പരസ്പരം എല്ലാവരും മനുഷ്യരാണ്. മനുഷ്യത്വമാണ് ഒന്നാം സ്ഥാനത്തുള്ളത്. മനുഷ്യന്റെ മൂല്യങ്ങൾ എന്നു പറയുന്നത് ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ ആദരിക്കുകയും അവനോടുള്ള കടമകൾ നിർവ്വഹിക്കുകയും ചെയ്യുക എന്നതാണ്.'

• അദ്ദേഹം തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: 'ഞാൻ ജൽസാ സാലാനയിലെ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണങ്ങൾ വളരെ ശ്രദ്ധാപൂർവ്വമാണ് കേട്ടത്. ഖലീഫയുടെ ഈ ഉപദേശം വളരെ ആകർഷിച്ചു; അതായത് ശത്രുക്കൾക്ക് മാപ്പുകൊടുക്കുക, അവർക്കു വേണ്ടി ദുആ ചെയ്യുമ്പോൾ മനസ്സ് പകയിൽനിന്നും വിദ്വേഷത്തിൽനിന്നും പരിശുദ്ധമായിത്തീരുന്നു. ഇക്കാര്യം ലോകത്ത് സമാധാന സംസ്ഥാപനത്തിൽ മാർഗമാകാവുന്നതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണങ്ങൾ കൊണ്ട് എനിക്ക് ആത്മീയവും കർമപരവുമായ ധാരാളം ഫലങ്ങൾ കിട്ടി. ഇസ്ലാമിന്റെ യഥാർഥമായ അധ്യാപനങ്ങളും അതിന്റെ പ്രാവർത്തികമായ ചിത്രവും ഈ ജൽസയിൽ കാണാൻ കഴിഞ്ഞു.'

•ഗ്വാട്ടിമാലയിലെ നാഷണൽ പത്രമായ Prnsa Libre ന്റെ ജേർണലിസ്റ്റ് പറഞ്ഞു: ഏതൊരു സ്നേഹവും പ്രീതിയുമാണോ ഞങ്ങൾക്കിവിടെ ലഭിച്ചത് ഞങ്ങൾക്കു ഇത് ലോകത്ത് സങ്കല്പിക്കാനെ കഴിയുകയില്ല. ഭീകരവാദത്തെ കുറിച്ച് ജേർണലിസ്റ്റിന്റെ ചോദ്യത്തിൽ ഹുദൂർ പറഞ്ഞു: ഇസ്ലാം അതിന് അനുവാദം നല്കുന്നില്ല. വിശുദ്ധ ഖുർആനിന്റെ പാഠം ആരെയെങ്കിലും അന്യായമായി കൊലചെയ്യൽ മുഴുവൻ മനുഷ്യത്വത്തെയും കൊല ചെയ്യലാണ്. ആർക്കെങ്കിലും വളരാൻ അവസരം നല്കാതിരിക്കുക എന്നത്

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

**ഹദീസുന്നബ്‌വി(സ)**

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

മുഴുവൻ മനുഷ്യത്വത്തിനും വളരാൻ അവസരം നല്കാതിരിക്കലാണ്.

ഹുദൂർ പറഞ്ഞു: 'ഞാൻ എല്ലായിടത്തും ഭീകരപ്രവർത്തനത്തേയും ഭീകരവാദത്തേയും അപലപിക്കുന്നു. ഞാൻ എന്റെ ജുമുആ പ്രഭാഷണങ്ങളിലും പ്രസംഗങ്ങളിലും പീസ് സിമ്പോസിയത്തിലും വിവിധ പ്ലാറ്റ് ഫോമുകളിലും എന്റെ അഡ്രസുകളിലും എല്ലായിടത്തും ഭീകരവാദത്തെ അപലപിക്കാറുണ്ട്. ഞാൻ വൻ രാഷ്ട്രങ്ങളോടു പറയാറുണ്ട്, ഇസ്‌ലാമിന്റെ പേരിൽ അവർ ചെയ്തുകൊണ്ടിരിക്കുന്ന ഭീകരപ്രവർത്തനങ്ങൾ തെറ്റാണെന്ന്. ഇതൊരിക്കലും ജിഹാദല്ല. ഇപ്പോൾ വാളുകൊണ്ടോ മറ്റെന്തെങ്കിലും ആയുധംകൊണ്ടോ പോരാടുന്നത്, അല്ലെങ്കിൽ കൊലചെയ്യുന്നത് ജിഹാദല്ല. ഞാൻ എന്റെ പ്രസംഗങ്ങളിൽ എല്ലായിടത്തും മുസ്‌ലീംകൾക്കെതിരിൽ വാളെടുത്തപ്പോഴും അവരിൽ യുദ്ധം അടിച്ചേൽപിച്ചപ്പോഴുമാണ് അല്ലാഹുവിൽനിന്ന് പ്രതിരോധിക്കാൻ അനുവാദം മുസ്‌ലിംകൾക്ക് കിട്ടിയതിന്നുശേഷമാണ് അവർ വാളെടുത്തതെന്ന് പറയാറുണ്ട്.

ഹുദൂർ പറഞ്ഞു: ജനതകളിൽ പ്രവാചകന്മാർ വന്നു. അവർ കൊണ്ടുവന്നത് സത്യമായ അധ്യാപനങ്ങളായിരുന്നു. പിന്നീട് ആളുകൾ ആ അധ്യാപനങ്ങളിൽ വിള്ളലുകളുണ്ടാക്കി. ഞങ്ങൾ എല്ലാ മതങ്ങളുടേയും സ്ഥാപകരെ ആദരിക്കുന്നു. ഞങ്ങൾ എല്ലായിടത്തും സർവമത സമ്മേളനങ്ങൾ നടത്തുന്നു. ഞങ്ങൾ ഞങ്ങളുടെ മതത്തിന്റെ സവിശേഷ ഗുണങ്ങൾ വിവരിക്കാൻ വിവിധ മതങ്ങളുടെ നേതാക്കന്മാരേയും മാർഗദർശികളേയും വിളിക്കുന്നു. ആ സമ്മേളനങ്ങൾക്കു തുടക്കം കുറിച്ചത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആയിരുന്നു; അവിടന്ന് രചിച്ച ഇസ്‌ലാമി ഉസ്വൂൽ കി ഫലാസഫി എന്ന പ്രബന്ധം വായിക്കപ്പെട്ടപ്പോൾ.

ഹുദൂർ പറഞ്ഞു: മതം മനസ്സിന്റെ കാര്യമാണ്. തങ്ങളുടെ മതം പ്രചരിപ്പിക്കാൻ ക്രിസ്ത്യാനികൾക്ക് അവകാശമുണ്ട്. ഓരോ മതവിശ്വാസിക്കും താൻ ഉൾക്കൊള്ളുന്ന മതത്തെ പ്രബോധിക്കാൻ അവകാശമുണ്ട്. ഞങ്ങൾ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനമാണ് പ്രബോധിക്കുന്നത്. ഞങ്ങളുടെ സന്ദേശം സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നവർ ഞങ്ങളിൽ ചേരുന്നു. ഇനി ആരെങ്കിലും സ്വീകരിച്ചില്ലെങ്കിലും മനുഷ്യത്വപരമായി അവർ ഞങ്ങളുടെ സഹോദരങ്ങളാണ്. പരസ്പരം സഹതപിക്കുന്നവരാണ്.

• പാർലമെന്റംഗം പറഞ്ഞു: ഗ്വാട്ടിമാലയിൽ നിർമാണം നടക്കുന്ന ആശുപത്രി പൂർണമാകുമ്പോൾ ഹുദൂറിനെ വിളിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. ഹുദൂർ അൻവർ പറഞ്ഞു: ഒരു പ്രാവശ്യം സുഹൃത്തായിക്കഴിഞ്ഞാൽ ക്ഷണിച്ചില്ലെങ്കിൽത്തന്നെയും വരുന്നതായിരിക്കും.

• ജേർണലിസ്റ്റ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: ജമാഅത്തംഗങ്ങളുടെ പരസ്പരമുള്ള സ്നേഹവും സഹിഷ്ണുതയും സമാധാന സ്ഥാപനത്തിനുള്ള അത്യധ്വാനപരമായ പ്രവർത്തനവും ആകർഷിക്കപ്പെട്ടു. അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് നല്ല അഭിപ്രായവുമായിട്ടാണ് തിരിച്ചുപോകുന്നത്. വിവിധരാജ്യക്കാരും ജനതകളും വിവിധ ഭാഷക്കാരുമായിരുന്നിട്ടും ആത്മാർഥമായ സ്നേഹത്തോടെ പരസ്പരം കൂടിക്കാഴ്ച നടത്തിക്കൊണ്ടിരുന്നു. പ്രത്യേകിച്ചും സന്നദ്ധ സേവകരുടെ നിസ്വാർഥ സേവനങ്ങളും എന്നെ വല്ലാതെ ആകർഷിച്ചു.

• കോസ്റ്ററിക്കയിലെ നാഷണൽ യൂണിവേഴ്സിറ്റിയുടെ പ്രൊഫസർ Serigo moya ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: ഞാൻ ഈ ജൽസയിലൂടെ ഇസ്‌ലാമിന്റെ പുതിയ ചിത്രം കണ്ടു. പരസ്പര സ്നേഹത്തിലും ഇണക്കത്തിലും അതുല്യമായ മാതൃകയുള്ള മുസ്‌ലിംകളുടെ ഒരു ജമാഅത്ത് ക്കണ്ടു. അവർ തങ്ങളുടെ വിശ്വാസത്തിന്റെ കർമപരമായ ചിത്രം അവതരിപ്പിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് ഇസ്‌ലാമിന്റെ യഥാർഥവും മനോഹരവുമായ അധ്യാപനങ്ങളെ കർമപരമായി അവതരിപ്പിക്കുന്നവരാണെന്ന് ഞാൻ തിരിച്ചുപോയി എന്റെ ഹൽക്കയിലുള്ള സ്നേഹിതന്മാരോടും വിദ്യാർഥികളോടും പറയുന്നതായിരിക്കും. അവർ യഥാർഥത്തിൽ തങ്ങളുടെ മോട്ടോ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതനുസരിച്ച് പ്രവർത്തിക്കുന്നവരാണ്.

ഗ്വാട്ടിമാലയിലേയും കോസ്റ്ററിക്കയിലേയും സംഘത്തിന്റെ ഹുദൂറുമായുള്ള ഈ കൂടിക്കാഴ്ച 12.15 വരെയായിരുന്നു. അവസാനം സംഘാംഗങ്ങൾ ഹുദൂറുമായി ഫോട്ടോ എടുക്കാനുള്ള ഭാഗ്യം കരസ്ഥമാക്കി.

## മോസ്കോ (റഷ്യ) പ്രതിനിധികളുമായുള്ള കൂടിക്കാഴ്ച:

അതിനുശേഷം റഷ്യയിൽനിന്നു വന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

• റഷ്യയിൽനിന്ന് ഈ വർഷം മൂന്നു പേരടങ്ങുന്ന സംഘമാണ് വന്നിരുന്നത്. അവരിൽ ഒരു അതിഥി Smagim Nikita സാഹിബായിരുന്നു. അദ്ദേഹം അറബിയിൽ ബാച്ചിലറും ഫാർസിയിൽ മാസ്റ്റർ ബിരുദവും നേടിയിട്ടുണ്ട്. ഇപ്പോൾ മോസ്കോയിലെ ഇറാൻ കൾച്ചറൽ സെന്ററിൽ ജോലി ചെയ്യുന്നു. Iran Today എന്ന വെബ്സൈറ്റിന്റെ എഡിറ്ററുമാണ്. വിവിധ പത്രങ്ങളിൽ ഇദ്ദേഹം ലേഖനങ്ങളും എഴുതാറുണ്ട്.

അദ്ദേഹം പറഞ്ഞു: ഞാൻ ഒരിടത്തും മുസ്‌ലിംകളുടെ ഇത്ര വലിയ ജനക്കൂട്ടം സമാധാനത്തോടുകൂടി കണ്ടിട്ടില്ല. വളരെയധികം സ്നേഹവും സന്തോഷവും സൗഹൃദവുമായ അന്തരീക്ഷമായിരുന്നു. മുസ്‌ലിംകൾ എവിടെ സംഘടിച്ചാലും ഭിന്നിപ്പുണ്ടാകാറുണ്ട്. പക്ഷേ ഇവിടെ സ്നേഹവും സമാധാനവുമായിരുന്നു. അപ്പോൾ ഹുദൂർ പറഞ്ഞു: മതം മനസ്സിന്റെ കാര്യമാണ്. ലോകത്ത് മനുഷ്യത്വത്തിന്റെ മൂല്യങ്ങൾ സ്ഥാപിക്കേണ്ട ആവശ്യമാണുള്ളത്. ഹുദൂർ പറഞ്ഞു: ഞങ്ങൾ ഇവിടെ കുറച്ചു ദിവസത്തേക്ക് താൽക്കാലികമായ വില്ലേജുണ്ടാക്കുന്നു. ഇത്ര വലിയ വിശാലമായ ഏർപ്പാടുകളാണ്. ചിലപ്പോൾ പിഴവുകളുമുണ്ടാകും. ഞങ്ങളെക്കൊണ്ട് കഴിയുന്ന സൗകര്യങ്ങൾ ഞങ്ങൾ നല്കുന്നു. താൽക്കാലികമായ ഏർപ്പാടുകളായ കാരണത്താൽ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെങ്കിൽ അതിൽ ഖേദിക്കുന്നു.

• അതു കേട്ടപ്പോൾ അതിഥി പറഞ്ഞു: ഞങ്ങളെ എല്ലാ വിധത്തിലും നോക്കുകയുണ്ടായി. മഴ ഉണ്ടായിട്ടും ഒരു ഡിസ്റ്റർബൻസും ഉണ്ടായില്ല. ഹുദൂർ പറഞ്ഞു: മോശമായ കാലാവസ്ഥയായിരുന്നിട്ടും ഞങ്ങൾ സുസംഘടിതരാണെന്നും അച്ചടക്കം നിലനിറുത്തുന്നവരാണെന്നുമുള്ള മാതൃക ഞങ്ങൾ കാണിച്ചുതന്നു. ഇത് ഇസ്‌ലാമികാധ്യാപനമാണ്. അധ്യാപനത്തിനോട് മനസ്സിൽ വിലയും ആദരവുമുണ്ടെങ്കിൽ എല്ലാം നടക്കുന്നതായിരിക്കും.

അദ്ദേഹം ചോദിച്ചു: കഴിഞ്ഞ 10 വർഷമായി ഭീകരപ്രവർത്തനം നടന്നുവരികയാണ്. ഇത് ഇസ്‌ലാമിന് ചേർന്നതല്ല. താങ്കളുടെ അഭിപ്രായമെന്താണ്?

ഹുദൂർ പറഞ്ഞു: കഴിഞ്ഞ 10 വർഷമായി ഭീകരവാദികളെ നിരന്തരം എന്റെ പ്രഭാഷണങ്ങളിലും പ്രവർത്തനങ്ങളിലും ഞാൻ വിമർശിച്ചുകൊണ്ടിരിക്കുന്നു. ഇതുപോലെ ആരും വിശദീകരിച്ചു പറഞ്ഞതുമില്ല. ഇപ്പോൾ സമാപനപ്രസംഗത്തിലും ഞാൻ ഇതിനെ കുറിച്ച് പറയുകയുണ്ടായി. ഭീകരവാദികളും ഭീകരപ്രവർത്തകരും ഇസ്‌ലാമിന്റെ പേരിൽ എന്തൊന്ന് ചെയ്തുകൊണ്ടിരുന്നാലും അതിന് ഇസ്‌ലാമുമായി ഒരു ബന്ധവുമില്ല. ഇവർ ഇസ്‌ലാമിന് ചീത്തപ്പേരുണ്ടാക്കുകയാണ്.

ഹുദൂർ പറഞ്ഞു: യഥാർഥ ജിഹാദ് സ്വന്തം ആത്മാവിനെതിരെയുള്ള പോരാട്ടമാണ്. അല്ലാഹുവിനോടും അവന്റെ ദാസന്മാരോടുമുള്ള കടമ നിറവേറ്റുംവിധം സ്വന്തം ആത്മാവിനെ പരിശുദ്ധമാക്കിയെടുക്കുക. ഹുദൂർ പറഞ്ഞു: ഇപ്പോൾ മുസ്‌ലിം രാഷ്ട്രങ്ങളിലും ഭൂരിഭാഗവും ഈ അഭിപ്രായത്തിനും ഭീകരപ്രവർത്തനത്തിന്നുമെതിരെ, ഈ ജിഹാദല്ലെന്ന് പറയുന്നുണ്ട്. ഹുദൂർ പറഞ്ഞു: എന്റെ പ്രസംഗങ്ങളിലും ലക്ച്ചറുകളിലും അതുവായിക്കുക. ഞാൻ അവിടെ വിശദീകരിച്ചു പറഞ്ഞിട്ടുണ്ട്.

•ജേർണലിസ്റ്റു ചോദിച്ചു: വരും കാലങ്ങളിൽ ഈ ഭീകരപ്രവർത്തനം കുറയുമോ കൂടുമോ? അങ്ങയുടെ അഭിപ്രായമെന്താണ്?

ഹുദൂർ പറഞ്ഞു: ഒരു മുസ്‌ലിം രാഷ്ട്രവും ആയുധം നിർമിക്കുന്നില്ല. ആരാണ് അവർക്ക് ആയുധം കൊടുക്കുന്നത്? ഇരു ഭാഗത്തുമുള്ള ആളുകൾക്ക് ഈ പാശ്ചാത്യൻ രാഷ്ട്രങ്ങളാണ് ആയുധങ്ങൾ അയച്ചുകൊടുക്കുന്നത്. ഇപ്പോൾ അവർ തങ്ങൾ ആയുധം കൊടുക്കുന്നത് നിറുത്തുമെന്ന് പരസ്യപ്പെടുത്തിയിരിക്കുന്നു. ഇപ്പോൾ Radicalise ആയിട്ടുള്ളവർ തങ്ങളെ നന്നാക്കിക്കൊണ്ടിരിക്കുന്നു. തിരിച്ചുവന്നു കൊണ്ടിരിക്കുന്നു. 2008ൽ സാമ്പത്തിക മാന്ദ്യം കാരണത്താൽ Radicalisation കൂടുതൽ ആയിരുന്നു. ISIS പണം കൊടുത്ത് ചെറുപ്പക്കാരെ തങ്ങളോടൊപ്പം ചേർത്തിരുന്നു.

• ജേർണലിസ്റ്റ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: ഈ വർഷം ആദ്യമായി ലണ്ടനിൽ നടക്കുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ സാലാന ജൽസയിൽ പങ്കെടുക്കാൻ അവസരം കിട്ടി. എന്നെ ഏറ്റവുമധികം ആകർഷിച്ച ഒന്നാമത്തെ കാര്യം ജൽസ സാലാനയുടെ വിശാലതയാണ്. ഏതൊരു മനുഷ്യനേയും ഈ യാഥാർഥ്യം തീർച്ചയായും അത്ഭുതപ്പെടുത്തുന്നതാണ്. പ്രത്യേകിച്ചും ഈ ഉദ്ദേശ്യത്തിന് ലണ്ടനിലെ പ്രദേശത്ത് ഒരു പൂർണ പട്ടണം വിവിധ അളവിലുള്ള പന്തലുകൾ മുഖേന ജനവാസയോഗ്യമാക്കിയിരിക്കുന്നു. ഇതിനോടൊപ്പം ഈ ജൽസയിൽ പങ്കെടുത്തവരുടെ എണ്ണവും ഏകദേശം 30000 ആയിരുന്നു. ഇത് മനുഷ്യനെ അത്ഭുതപ്പെടുത്തുന്നതാണ്.

ഇതിനു പുറമെ ഞാൻ പറയാനാഗ്രഹിക്കുന്നത് ജൽസാസാലാനയുടെ അന്തരീക്ഷം പുറത്തുനിനിനുള്ള ഒരാളുടെ മനസ്സിലും സന്തോഷകരമായ വികാരങ്ങൾ ഉണ്ടാക്കുന്നുവെന്നതാണ്. മോശമായ കാലാവസ്ഥ ജൽസാഗാഹിലെ വഴികളുടെ മോശമായ അവസ്ഥ വൻജനാവലി ഉണ്ടായിട്ടും ജൽസയിൽ പങ്കെടുത്ത എല്ലാവരും അസാധാരണമായ നിലയിൽ സ്നേഹത്തിന്റേയും സൗഹൃദത്തിന്റേയും അന്തരീക്ഷത്തിൽ പരസ്പരം കണ്ടുകൊണ്ടിരുന്നുവെന്നത് അത്ഭുതമുളവാക്കുന്നതും പ്രശംസനീയവുമായ കാര്യമായിരുന്നു. ഇതിനോടൊപ്പം ജൽസയിൽ പങ്കെടുത്ത എല്ലാവരും ഇത്തരം ബുദ്ധുമുട്ടുകളുണ്ടായിരുന്നിട്ടും ജൽസസാലാനയിലെ സംഘടനാപരമായ നിയമങ്ങളും അച്ചടക്കങ്ങളും പാലിച്ചുകൊണ്ടിരുന്നു. ഇത് അത്ഭുതകരമാണ്. ഞാൻ ഒരിക്കലും മുസ്‌ലീംകളുടെ ഇത്ര വലിയ ജനക്കൂട്ടത്തിൽ നടക്കുന്ന ഒരു പരിപാടിയിലും പങ്കെടുക്കുന്നവർ ഇങ്ങനെ നിയമങ്ങൾ പാലിക്കുന്നത് കണ്ടിട്ടില്ല. ഒരു കാര്യം പ്രതീക്ഷിച്ചിരുന്നില്ല. അതെന്നെ അത്ഭുതപ്പെടുത്തി. അത് ജൽസ സാലാനയിലെ ഉന്നതവും മെച്ചപ്പെട്ട

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 19 April 2018 Issue-16

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

തുമായ ടെക്നിക്കൽ വ്യവസ്ഥിതിയായിരുന്നു. എല്ലാ വിദേശികൾക്കും പ്രത്യേകിച്ചും തർജമ കേൾക്കുന്നതിനുവേണ്ടി എയർഫോൺ നൽകിയിരുന്നു. വ്യക്തമായ ശബ്ദത്തിൽ അതു കേട്ടുകൊണ്ടിരുന്നു. ജൽസയുടെ എല്ലാ പരിപാടികളും വലിയൊരു സ്ക്രീനിലും കാണിക്കപ്പെട്ടിരുന്നു. ശബ്ദവും വളരെ വ്യക്തതയുള്ളതായിരുന്നു. ഈ എല്ലാ കാര്യങ്ങളും വിളിച്ചോതുന്നത് ജൽസസാലാനയിലെ സംഘാടകർ ഉന്നതവും ഉദാത്തവുമായ ടെക്നിക്പരമായ കഴിവുകൾ വഹിക്കുന്നവരാണെന്നാണ്. പൊതുവെ ജൽസസാലാന ഒരു ഉത്തമമായ ഏർപാടും സ്നേഹത്തിന്റേയും പ്രീതിയുടേയും അന്തരീക്ഷത്താൽ നിറഞ്ഞതുമായ സമ്മേളനത്തിന്റെ അങ്ങേയറ്റം വ്യക്തമായ ഒരു ചിത്രമാണ് സമർപിക്കുന്നത്. ജൽസസാലാനയ്ക്കിടയിൽ എനിക്ക് ഇവിടെ സ്ഥാപിച്ചിട്ടുള്ള വിവിധ എക്സിബിഷനുകളും കാണാൻ കഴിഞ്ഞു. അവയിൽ ഫോട്ടോപ്രദർശനവുമുണ്ടായിരുന്നു. അതിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രങ്ങളിലധിഷ്ഠിതമായ പ്രദർശനവും ഹ്യൂമാനിറ്റി ഫസ്റ്റിന്റെ പ്രവർത്തനവും ഏറെ ഇഷ്ടപ്പെട്ടു. പ്രത്യേകിച്ചും ഹ്യൂമാനിറ്റി ഫസ്റ്റിന്റെ വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള പരിപാടി എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഹ്യൂമാനിറ്റി ഫസ്റ്റു മുഖേന ജമാഅത്തു ചെയ്തുകൊണ്ടിരിക്കുന്ന ക്ഷേമകരമായ പ്രവർത്തനങ്ങൾ എന്നെ വളരെ ആകർഷിച്ചു. ജൽസയിൽ സന്നിഹിതരായിരുന്ന എല്ലാവരേയും പോലെ ഞാനും ജൽസസാലാനയിലെ എല്ലാ പ്രസംഗങ്ങളും കേൾക്കാൻ തികച്ചും ശ്രമിച്ചിരുന്നു. ഒരു പ്രസംഗംപോലും വിട്ടുപോകാതിരിക്കാൻ ശ്രമിച്ചിരുന്നു. ഭക്ഷണത്തിന്റേയും അതിന്റെ രുചിയുടേയും അതിന്റെ ഉന്നത നിലവാരത്തിന്റേയും കാര്യ പറയാതിരിക്കുന്നത് അങ്ങേയറ്റം നന്ദികേടായിരിക്കും.

ജൽസസാലാനയിൽ പങ്കെടുത്ത മറ്റുള്ള എല്ലാ അതിഥികളേക്കാളും കൂടുതൽ സൗകര്യം എനിക്കു നല്കിയിരുന്നതായി ഞാൻ മനസ്സിലാക്കിയിരുന്നു. ഹോട്ടലിലായിരുന്നു എനിക്ക് താമസസൗകര്യം ഏർപാടാക്കിയിരുന്നത്. എനിക്കു പ്രഭാതഭക്ഷണവും നല്കിയിരുന്നു. അതിനുശേഷം ഞാൻ വിദേശികളായ അതിഥികൾക്ക് ഏർപാടു ചെയ്തിരുന്ന പന്തലിൽനിന്നാണ് ഭക്ഷണം കഴിച്ചിരുന്നത്. ഈ ഭക്ഷണങ്ങളിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ബിരിയാണിയായിരുന്നു. അതു മിക്കപ്പോഴും അഹ് മദികൾ ഉണ്ടാക്കാറുള്ളതാണ്. നിങ്ങൾ എനിക്ക് ഈ ജൽസയിൽ പങ്കെടുക്കാൻ അവസരം നല്കിയതിൽ ഞാൻ നന്ദി പറയുകയാണ്. ഞാൻ നിങ്ങൾക്കുവേണ്ടി ദുആ ചെയ്യുന്നു. നിങ്ങൾക്ക് ഏറ്റവും പ്രയാസപ്പെട്ടതും എന്നാൽ, അങ്ങേയറ്റം പ്രയോജനമുള്ളതുമായ ജോലിയിൽ–അത് നിങ്ങൾ ലോകത്ത് സമാധാനം പരത്താനാണ് ചെയ്തുകൊണ്ടിരിക്കുന്നത്–വിജയങ്ങൾ ഉണ്ടാകുമാറാകട്ടെ.

ഹുദൂറുമായി നടന്ന കൂടിക്കാഴ്ചയ്ക്കു ശേഷം ജേർണലിസ്റ്റു പറഞ്ഞു: ഞാനൊരിക്കലും ഒരു മുസ്ലിംനേതാവിനേയും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സ്ഥാനത്ത് കണ്ടിട്ടില്ല. അദ്ദേഹം ഇസ്ലാമികാധ്യാപനങ്ങളെ എത്ര വ്യക്തമായും മനോഹരമായുമാണ് വിവരിക്കുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സ്വഭാവം അങ്ങേയറ്റം സന്തോഷഭരിതവും സംബോധിതർക്ക് സന്തോഷദായകവുമാണ്. അതു പൊതുവെ മതനേതാക്കന്മാരെ കുറിച്ച് മനസ്സിൽ വരാത്തതാണ്. അദ്ദേഹം തന്റെ അടുത്തിരിക്കുന്ന ആളിനെ സുഗമവും വ്യക്തവും അധികം ശബ്ദമില്ലാത്തതുമായ രീതിയിൽ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നു. റഷ്യൻ സംഘവുമായുള്ള ഹുദൂറിന്റെ ഈ കൂടിക്കാഴ്ച 12.45വരെനീണ്ടണ്ടു. അവസാനം സംഘാംഗങ്ങൾ ഹുദൂറുമൊത്ത് ഫോട്ടോ എടുത്തു.

തുടർന്ന് ഹുദൂർ മഹ്മൂദ് ഹാളിലെത്തി. സിയറാ ലിയോണിൽനിന്ന് വന്ന അതിഥികളുമായി കൂടിക്കാഴ്ച നടന്നു.

## സിയറാ ലിയോൺ അതിഥികളുടെ കൂടിക്കാഴ്ച:

34 അതിഥികളാണ് ഈ സംഘത്തിലുണ്ടായിരുന്നത് .ഇതിൽ 7 നാഷണൽ അസംബ്ലി പാർലമെന്റംഗങ്ങൾ, 11 പാരാമൗണ്ട് ചീഫുമാർ, റൂളിംഗ് പാർട്ടി ചെയർമാൻ, രാഷ്ട്രപതിയുടെ ഉപദേശകർ,ഹൈകോർട്ടിലെ 2 ജഡ്ജിമാർ, 5 പത്രപ്രവർത്തകർ, എഡ്യൂക്കേഷൻ സെക്രട്ടറി സ്വകാര്യ സ്ഥാപനത്തിലെ ചില ഉദ്യോഗസ്ഥരും വിവിധ തുറകളുമായി ബന്ധമുള്ളവരും ഉണ്ടായിരുന്നു.

8 പാരാമൗണ്ട് ചീഫുമാരേയും രാഷ്ട്രപതി സ്വന്തം ചെലവിലാണയച്ചത്. ലണ്ടനിലേക്ക് പുറപ്പെടുന്നതിന് മുമ്പേ സിയറാ ലിയോൺ ടീവിയിൽ ഒരു പ്രസ്താവന നൽകുകയും അഹ്മദിയ്യാ ജമാഅത്തിന് എല്ലാ ഭാവുകങ്ങളും നേരുകയുമുണ്ടായി. ജൽസക്കായി തന്റെ നല്ല വികാരങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. സംഘാംഗങ്ങളോരോരുത്തരായി സ്വയം തങ്ങളെ പരിചയപ്പെടുത്തി. എല്ലാ അതിഥികളും വിവിധ ജന വിഭാഗങ്ങളുടെ ഐക്യത്തെ കുറിച്ച് തങ്ങൾ കണ്ടതു എടുത്ത് പറയുകയും മറ്റെവിടേയും ഇതിന് സാമ്യത ഇല്ലെന്ന് സൂചിപ്പിക്കുകയും ചെയ്തു.

ഒരു ജേർണലിസ്റ്റ് അതിഥി തന്റെ ജൽസ വികാരങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു. ഹദ്റത്ത് അമീറുൽ മുഅ്മിനീനെ ഞാനാദ്യമായാണ് കണ്ടത്. ഇതു തികച്ചും വിസ്മയിപ്പിക്കുന്ന അനുഭവമായിരുന്നു. എനിക്കെന്റെ വികാരങ്ങളെ നിയന്ത്രിക്കാൻ കഴിയുമായിരുന്നില്ല.ജൽസയിൽ ദൃശ്യമായ അച്ചടക്കവും മാന്യമായ പെരുമാറ്റവും ഉദാഹരണമില്ലാത്തതാണ്.ജാമിആയുടെ അന്തരീക്ഷവും വളരെ മഹത്ത്വമാർന്നതായിരുന്നു. ജാമിയായിൽ പോയതിനു ശേഷം ഹോട്ടലുകളിലൊന്നുംപോകാൻ മനസ്സു വരുന്നില്ലായിരുന്നു. മുമ്പേ ഈ ജൽസയിൽ പങ്കെടുക്കാൻ പറ്റാതെ പോയതിലുള്ള വ്യസനത്തിലാണ് ഞാനിപ്പോൾ.

(അൽ ഹസൻ ബീ കുമാർ സാഹിബ് സിയറാ ലിയോൺ കസ്റ്റംസ് ഓഫീസറാണ്.ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്).അദ്ദേഹം പറയുന്നു: എനിക്ക് എന്റെ ജോലിയും ഫാമിലിയും ഉപേക്ഷിച്ചു വരിക എന്നത് വളരെ ദുഷ്കരമായിരുന്നു.എന്നാൽ, ഇവിടെ വന്നപ്പോഴാണ് എനിക്ക് മനസ്സിലായത് എന്റെ തീരുമാനം തികച്ചും ശരിയായിരുന്നുവെന്ന്. ഇവിടെ വന്നപ്പോഴാണ് എനിക്ക് ഇസ്ലാമിന്റെ യഥാർഥ മുഖം ദർശിക്കാൻ സാധിച്ചത്. ഇസ്ലാമിന്റെ യഥാർഥ മുഖം കാണേണ്ടത് ഓരോ മുസ്ലിമിന്റേയും നിർബന്ധ ബാദ്ധ്യതയാണ്. ജനങ്ങളെ അഭിമുഖീകരിക്കുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനെ കാണുമ്പോൾ മനസ്സിൽ ഓടിയെത്തുന്ന ഏകകാര്യം ഒന്നുമാത്രമാണ്. ഈ വ്യക്തിത്വം 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്'എന്ന ആപ്തവാക്യത്തിന്റെ യഥാർഥവും കർമപരവുമായ രൂപമാണ്.(തുടരും)

ജസ്റ്റീസ് ഹാജ മൂസാ ഡാംബാ കുമാർ സാഹിബ് രാഷ്ട്രപതിയുടെ ജൽസാ യൂ.കെ സന്ദേശം വായിച്ചു.

## സിയറാ ലിയോൺ രാഷ്ട്ര പതിയുടെ സന്ദേശം

ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം
സർവ്വാദരണീയ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്!
*അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു.*

ഞാൻ ഹുദൂർ അൻവറിനും മുഴുലോകത്തുമുള്ള ജമാഅത്തംഗങ്ങൾക്കും 51–ാം ജൽസാസാലാന യു.കെ വിജയപ്രദമായി തുടങ്ങിയതിൽ ശുഭാശംസകൾ സമർപ്പിക്കുന്നു.താങ്കളുടെ പരിപാടികളിൽ അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ.

ഹുദൂർ ! താങ്കളോടും താങ്കളുടെ ജമാഅത്തിനോടും എന്റെ ഭരണകൂടവും സിയറാ ലിയോണിലെ പൊതു ജനങ്ങളും സിയറാ ലിയോൺ അഹ്മദിയ്യാമിഷൻ വിദ്യഭ്യാസ രംഗത്തും ആരോഗ്യപരവും പുരോഗനപരവുമായ രംഗങ്ങളിലും ചെയ്തു കൊണ്ടിരിക്കുന്ന സേവനങ്ങളെ ആദരവോടെ കാണുന്നുവെന്ന് ഞാൻ പറയാൻ അഗ്രഹിക്കുന്നു. താങ്കൾ സിയറാ ലിയോണിന്റെ വിവിധ പ്രദേശങ്ങളിൽ സോളാർ ലൈറ്റുകൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു.സമാധാന പുനഃസ്ഥാപനത്തിനുവേണ്ടിയുള്ള താങ്കളുടെ ശ്രമങ്ങൾ വളരെ പ്രശംസനീയമാണ്. അഹ്മദിയ്യാ മിഷൻ സമാധാനത്തിൽ ദൃഢവിശ്വാസമുള്ളവരാണ്.ഇതേ ലക്ഷ്യ പ്രാപ്തിക്കായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു. നിങ്ങളുടെ പ്രവർത്തനങ്ങൾ മുഖേന ഇതൊരു സമാധാനകാംക്ഷിയായ മുസ്ലിം സമൂഹമാണെന്ന് സ്ഥാപിതമായിരിക്കുന്നു. എന്റെ രാജ്യത്ത് എല്ലാ ജനവിഭാഗങ്ങൾക്കുമിടയിൽ സമാധാനം സൃഷ്ടിക്കാൻ പരിശ്രമിച്ചു വരുന്നു. എന്റെ ഭരണകൂടത്തിന്റെ ഭാഗത്തു നിന്നുള്ള നിരന്തര സഹായം സിയറാ ലിയോണിൽ അഹ്മദിയ്യാ മിഷന് നൽകുന്നതാണെന്ന് ഉറപ്പു നൽകുന്നു.താങ്കളുടെ ജൽസ വിജയപ്രദമാകട്ടെ എന്ന് ആശിക്കുന്നു. അല്ലാഹു ഈ രാജ്യത്തും ലോകമാകമാനവും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ശ്രമങ്ങൾക്ക് അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ.

**ഡോക്ടർ. ഏർണസ്റ്റ് ബായി കൊറോമ, പ്രസിഡന്റ് റിപബ്ളിക് ആഫ് സിയറാ ലിയോൺ**

*ഈ സംഭാഷണത്തിനിടയിൽ സിയറാ ലിയോൺ രാഷ്ട്രപതി ഫോൺ മുഖേന ഹുദൂറുമായി ആശയ വിനിമയം നടത്തി. ജൽസയുടെ വിജയത്തിന് ശുഭാപ്തി വിശ്വാസം പ്രകടിപ്പിച്ചു. സ്വന്തം നാടിനു വേണ്ടി പ്രാർഥിക്കാനപേക്ഷിച്ചു.*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin